മി. സ്പീക്കർ: ഓർഡർ..... ഓർഡർ..... ചോദ്യം നമ്പർ (*301)

**കാൻസർ ഗ്രിഡ്**

(*301) ശ്രീ. വി. ജോയി:
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. കെ .എൻ. ഉണ്ണികൃഷ്ണൻ:
ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരേ നിലവാരത്തിലുള്ളതും ചെലവ് കുറഞ്ഞതുമായ കാൻസർ പരിചരണം ലഭ്യമാക്കുന്നതിന് കാൻസർ ഗ്രിഡ് സംവിധാനം എത്രത്തോളം ഫലപ്രദമാണെന്ന് വിശദമാക്കുമോ;

(ബി) ഇതിലൂടെ ഏകീകൃത ചികിത്സാ പ്രോട്ടോക്കോളും മാർഗ്ഗനിർദ്ദേശങ്ങളും സാധ്യമാക്കാൻ കഴിഞ്ഞിട്ടുണ്ടോ; അറിയിക്കുമോ;

(സി) ഈ സർക്കാർ വന്നശേഷം കാൻസർ രോഗനിർണ്ണയം, ചികിത്സ, ഗവേഷണം എന്നീ മേഖലകളിൽ കൈവരിച്ച നേട്ടങ്ങൾ വിവരിക്കാമോ; വ്യക്തമാക്കുമോ;

(ഡി) എല്ലാ ജനവിഭാഗങ്ങൾക്കും കാൻസർ ചികിത്സ ഉറപ്പാക്കുന്നതിന്

കാൻസർ ഗ്രിഡ് മാപ്പിങ് ഫലപ്രദമാണോ; എങ്കിൽ ആയതിന്റെ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, (എ) നവകേരള കർമ്മപദ്ധതി-2 ആർദ്രം മിഷന്റെ ഭാഗമായി പത്ത് പ്രധാന ലക്ഷ്യങ്ങൾ മുൻനിർത്തിയുള്ള പ്രവർത്തനങ്ങളാണ് സംസ്ഥാനത്ത് ഈ കാലഘട്ടത്തിൽ നടന്നുവരുന്നത്. അതിൽ ഒന്നാണ് കാൻസർ രോഗ നിയന്ത്രണവും രോഗ പ്രതിരോധവും. കാൻസർ രോഗികളെയും രോഗ ചികിത്സാ സംവിധാനങ്ങളെയും രോഗനിർണ്ണയത്തിനുള്ള ലാബുകളെയും കാൻസർ ചികിത്സാ കേന്ദ്രങ്ങളെയും ഏകോപിപ്പിക്കുന്നതിനായി എല്ലാ ജില്ലകളിലും ആരോഗ്യവകുപ്പ് തയ്യാറാക്കിയിട്ടുള്ള ഒരു ശൃംഖലയാണ് കാൻസർ ഗ്രിഡ്. സംസ്ഥാനത്തെ മൂന്ന് കാൻസർ സെന്ററുകൾ, മെഡിക്കൽ കോളേജുകളിലെ കാൻസർ ചികിത്സാ യൂണിറ്റുകൾ, ആരോഗ്യവകുപ്പിലെ കാൻസർ കെയർ യൂണിറ്റുകൾ എന്നിവയെ കുടുംബാരോഗ്യ കേന്ദ്രങ്ങൾ മുതൽ ജില്ലാ ആശുപത്രികൾ വരെയുള്ള ആരോഗ്യ സ്ഥാപനങ്ങളുമായി ബന്ധപ്പെടുത്തിയാണ് കാൻസർ

ഗ്രിഡ് സംവിധാനം പ്രവർത്തിക്കുന്നത്. 2025 ഫെബ്രുവരി മാസം നാലാം തീയതി 'ആരോഗ്യം, ആനന്ദം - അകറ്റാം അർബുദം' എന്ന ജനകീയ കാൻസർ പ്രതിരോധ കാമ്പയിന്റെ ഉദ്ഘാടനം ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർവ്വഹിച്ച സമയത്ത് കാൻസർ ഗ്രിഡിന്റെ പ്രകാശനവും നിർവ്വഹിച്ചു. കാൻസർ ഗ്രിഡ് സംവിധാനം പ്രവർത്തനക്ഷമമായതിലൂടെ വ്യക്തികൾക്ക് തൊട്ടടുത്തുള്ള ആരോഗ്യ കേന്ദ്രത്തിൽതന്നെ കാൻസർ സ്ക്രീനിങ്, പ്രാഥമിക രോഗ നിർണ്ണയ പരിശോധനകൾ, പ്രാഥമിക ലാബ് പരിശോധനകൾ എന്നിവ നടത്താൻ സാധിക്കുന്നതും തുടർ പരിശോധനകളും ചികിത്സയും ആവശ്യമായിവന്നാൽ അവ ലഭ്യമായിട്ടുള്ള തൊട്ടടുത്തുള്ള ആശുപത്രികൾ വഴിയും തുടർപരിചരണം ആവശ്യമായിവന്നാൽ അത് കുടുംബാരോഗ്യ കേന്ദ്രങ്ങളിലൂടെയും ലഭ്യമാക്കാനും സാധിക്കും. കാൻസർ രോഗ സാധ്യതയുള്ളവരെ കുടുംബാരോഗ്യ കേന്ദ്രതലം മുതലുള്ള സ്ഥാപനങ്ങളിൽ പരിശോധന നടത്തി ആവശ്യമുള്ളവരുടെ സാമ്പിൾ ശേഖരിച്ച് ജില്ലയിലെ ലാബുകളിൽ അയച്ചു രോഗനിർണ്ണയം നടത്താനുള്ള ലാബ് നെറ്റ്‌വർക്ക് സംവിധാനവും കാൻസർ ഗ്രിഡിന്റെ ഭാഗമായി ഒരുക്കിയിട്ടുണ്ട്. കാൻസർ സ്ക്രീനിങ് ആവശ്യമായ വ്യക്തികൾക്കും കാൻസർ രോഗികൾക്കും

സേവനദാതാക്കൾക്കും സേവനങ്ങൾ തൊട്ടടുത്തുള്ള ആരോഗ്യ കേന്ദ്രത്തിലൂടെതന്നെ ലഭ്യമാക്കാൻ സാധിക്കുന്നുയെന്നതാണ് കാൻസർ ഗ്രിഡിന്റെ പ്രത്യേകത. ഇതിലൂടെ രോഗികൾക്ക് ഏറ്റവും സമീപത്തുള്ളതും ചെലവ് കുറഞ്ഞതുമായ ലാബുകളും ചികിത്സാ കേന്ദ്രങ്ങളും തിരഞ്ഞെടുക്കുന്നതിനും കൃത്യമായ റഫറൽ സംവിധാനം നടപ്പിലാക്കാനും ആശയക്കുഴപ്പങ്ങളും മറ്റ് ബുദ്ധിമുട്ടുകളും ഒഴിവാക്കാനും സാധിക്കുന്നു. ഇതുകൂടാതെ, കാൻസറിനെ സംബന്ധിച്ചുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ, കാൻസർ പ്രാരംഭഘട്ടത്തിൽതന്നെ കണ്ടെത്തുന്നതിനുള്ള സൗകര്യങ്ങൾ സർക്കാർ ആശുപത്രികളിലൊരുക്കുക, കാൻസർ സെന്ററുകളെയും മെഡിക്കൽ കോളേജുകളെയും ജില്ലാ, ജനറൽ, താലൂക്ക് ആശുപത്രികളെയും ഉൾപ്പെടുത്തി കാൻസർ കെയർ നെറ്റ്‌വർക്ക് രൂപീകരിക്കുക എന്നിവയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഇത്തരത്തിൽ സംസ്ഥാനത്ത് സമൂഹത്തിലെ എല്ലാ തട്ടിലുമുള്ള ജനങ്ങൾക്കും ഉപകാരപ്രദമാകുന്ന രീതിയിൽ കാൻസർ പരിരക്ഷ ഉറപ്പാക്കുന്നതിനും കാൻസർ രോഗനിർണ്ണയം, ചികിത്സ എന്നിവയുമായി ബന്ധപ്പെട്ട ചെലവ് കുറയ്ക്കുന്നതിനും ലക്ഷ്യമിട്ടാണ് സംസ്ഥാന സർക്കാർ കാൻസർ ഗ്രിഡ്

രൂപീകരിച്ചത്. ഇതിലൂടെ വ്യക്തികൾക്ക് അവർ താമസിക്കുന്ന സ്ഥലത്തുനിന്നും 50 കിലോമീറ്റർ ചുറ്റളവിൽ രോഗ നിർണ്ണയത്തിനും ചികിത്സയ്ക്കും സൗകര്യമുള്ള ആശുപത്രികളുടെ സേവനം തേടാവുന്നതാണ്.

(ബി) സാധ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്. സംസ്ഥാന ആരോഗ്യ വകുപ്പുമായും, ആരോഗ്യവകുപ്പ് പുറത്തിറക്കിയിട്ടുള്ള പ്രോട്ടോക്കോളുകളും മാർഗ്ഗനിർദേശങ്ങളും പിന്തുടരുന്നതുമായ കാൻസർ ചികിത്സാ കേന്ദ്രങ്ങളെയാണ് കാൻസർ ഗ്രിഡിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഏകീകൃതമായ മാനദണ്ഡങ്ങളും പ്രവർത്തന രീതികളുമാണ് കാൻസർ ഗ്രിഡിന്റെ ഭാഗമായ സ്ഥാപനങ്ങളിൽ നടപ്പാക്കേണ്ടത്. ഇതിലൂടെ, എല്ലാ ജില്ലകളിലുമുള്ളവർക്ക് ശാസ്ത്രീയവും ചെലവ് കുറഞ്ഞതുമായ ചികിത്സാ രീതികൾ അവലംബിക്കാൻ സാധിക്കുന്നതാണ്. സർക്കാർ മേഖലയിലുള്ള കാൻസർ ചികിത്സാ കേന്ദ്രങ്ങളെ സംയോജിപ്പിച്ചുകൊണ്ട് ആരംഭിച്ച ഈ ഗ്രിഡിൽ സ്വകാര്യ സംരംഭകരെയും ആശുപത്രികളെയും സന്നദ്ധ സംഘടനകളെയും ഉൾപ്പെടുത്തി, പദ്ധതി വിപുലീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. കൂടാതെ, കാൻസർ ചികിത്സാ പ്രോട്ടോക്കോളുകൾ, ചികിത്സാ സേവനങ്ങൾ ലഭ്യമാക്കുന്ന ആശുപത്രികളിലെ മൾട്ടി

ഡിസിപ്ലിനറി ട്യൂമർ ബോർഡിന്റെ അംഗീകാരത്തോടുകൂടിയാണ് ചെയ്യുന്നത്. വിവിധ അർബുദങ്ങൾക്കുള്ള ചികിത്സാ മാനദണ്ഡങ്ങൾ അടങ്ങിയ പ്രോട്ടോക്കോൾ, സർക്കാർ നിർദേശപ്രകാരം രൂപീകരിച്ച്, കാൻസർ ചികിത്സാ രംഗത്തെ വിദഗ്ധർ അടങ്ങുന്ന സമിതി തയ്യാറാക്കിയിട്ടുണ്ട്. ഇത്തരത്തിൽ കാൻസർ ചികിത്സാ രംഗത്ത് ഏകീകൃത സ്വഭാവം കൊണ്ടുവരുന്നതിന്റെ ഭാഗമായി വിവിധ അർബുദങ്ങൾക്ക് ചികിത്സാ പ്രോട്ടോക്കോളുകൾ തയ്യാറാക്കിയതിലൂടെ, രോഗ നിർണ്ണയത്തിനും ചികിത്സയ്ക്കുമുള്ള ചെലവുകൾ കുറയ്ക്കുന്നതിനും, രോഗ അതിജീവന സാധ്യത, കാൻസർ അതിജീവിതരുടെ ജീവിത ഗുണനിലവാരം എന്നിവ വർധിപ്പിക്കുന്നതിനും സഹായകരമാകും. ആരോഗ്യം, ആനന്ദം ജനകീയ കാൻസർ പ്രതിരോധ കാമ്പയിന്റെ ഭാഗമായും, സ്തനാർബുദം, ഗർഭാശയഗളാർബുദം എന്നിവയുടെ സ്ക്രീനിങ്, ലാബ് പരിശോധനകൾ എന്നിവ നടത്തുന്നതിനുള്ള പ്രോട്ടോക്കോളും മാർഗ്ഗനിർദേശങ്ങളും പ്രസിദ്ധീകരിച്ചു.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാൻസർ ചികിത്സാരംഗത്ത് അതിനൂതനമായ ഒട്ടനവധി പദ്ധതികൾ

നടപ്പിലാക്കിയിട്ടുണ്ട്. ആർദ്രം ആരോഗ്യം ജനസംഖ്യാധിഷ്ഠിത ജീവിതശൈലി രോഗനിർണ്ണയ കാമ്പയിന്റെ ഭാഗമായി, 30 വയസ്സിന് മുകളിലുള്ള എല്ലാ വ്യക്തികളെയും കാൻസർ ഉൾപ്പെടെയുള്ള ജീവിതശൈലീ രോഗങ്ങൾക്ക് സ്ക്രീൻ ചെയ്തു രോഗനിർണ്ണയവും ചികിത്സയും ഉറപ്പാക്കുന്നു. കാമ്പയിന്റെ ഭാഗമായി പ്രാഥമിക തലം മുതലുള്ള എല്ലാ ആശുപത്രികളിലും കാൻസർ സ്ക്രീനിങ് നടത്താനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്. കാൻസർ രോഗ സാധ്യതയുള്ളവരെ കുടുംബാരോഗ്യ കേന്ദ്രതലം മുതലുള്ള സ്ഥാപനങ്ങളിൽ പരിശോധന നടത്തി, ആവശ്യമുള്ളവരുടെ സാമ്പിൾ ശേഖരിച്ച് ജില്ലയിലെ ലാബുകളിൽ അയച്ച് രോഗനിർണ്ണയം നടത്താനുള്ള ലാബ് നെറ്റ്‌വർക്ക് സംവിധാനവും കാൻസർ ഗ്രിഡിന്റെ ഭാഗമായി ഒരുക്കിയിട്ടുണ്ട്.

സംസ്ഥാനത്തെ കാൻസർ സെന്ററുകൾക്കും പ്രധാന മെഡിക്കൽ കോളേജുകൾക്കും പുറമേ എല്ലാ ജില്ലകളിലും ഒരു ആശുപത്രിയിലെങ്കിലും മാമോഗ്രാം, പാപ്സ്മിയർ, ബയോപ്സി സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. വികേന്ദ്രീകൃത കാൻസർ ചികിത്സയുടെ ഭാഗമായി 25 ആശുപത്രികളിൽ കീമോതെറാപ്പി ഉൾപ്പെടെയുള്ള ക്യാൻസർ ചികിത്സാ സംവിധാനങ്ങൾ

ഒരുക്കിയിട്ടുണ്ട്. തിരുവനന്തപുരം ആർ.സി.സി.-യിലും മലബാർ കാൻസർ സെന്ററിലും സർക്കാർ മേഖലയിൽ ആദ്യമായി കാൻസർ ചികിത്സാ രംഗത്ത് റോബോട്ടിക് സർജറി യൂണിറ്റ് ഉൾപ്പെടെയുള്ള അത്യാധുനിക ചികിത്സാ സംവിധാനങ്ങൾ പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്. മലബാർ കാൻസർ സെന്ററിനെ 562.25 കോടി രൂപയുടെ കിഫ്ബി ഫണ്ടുപയോഗിച്ച് പോസ്റ്റ് ഗ്രാജ്വേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓങ്കോളജി സയൻസ് ആൻഡ് റിസർച്ച് ആയി ഉയർത്തി. ആർ.സി.സി.-യിലും എം.സി.സി.യി.-ലും ഡിജിറ്റൽ പത്തോളജി മികവിന്റെ കേന്ദ്രങ്ങളാക്കാൻ നടപടി സ്വീകരിച്ചു. ഗർഭാശയഗള കാൻസർ കണ്ടെത്തുന്നതിനുള്ള 'സെർവി സ്കാൻ' ആർ.സി.സി വികസിപ്പിച്ചു. ഇതിന് യു.എൻ.-ന്റെ പുരസ്കാരവും ലഭിച്ചു. മലബാർ കാൻസർ സെന്ററിൽ അതിനൂതന കാർ ടി-സെൽ തെറാപ്പി, കണ്ണിലെ കാൻസർ ചികിത്സിക്കാനുള്ള ഒക്യുലാർ പ്ലാക് ബ്രാക്കിതെറാപ്പി എന്നിവ വിജയകരമായി നടപ്പിലാക്കി.

വിലകൂടിയ കാൻസർ മരുന്നുകൾ സംസ്ഥാനത്തെ തെരഞ്ഞെടുത്ത കാരുണ്യ ഫാർമസികളിലൂടെ 'സീറോ പ്രോഫിറ്റായി' കമ്പനി വിലയ്ക്ക് രോഗികൾക്ക് ലഭ്യമാക്കുന്ന കാരുണ്യ സ്പർശം - സീറോ പ്രോഫിറ്റ് ആന്റി

ക്യാൻസർ ഡ്രഗ്സ് പദ്ധതിയും നടന്നുവരുന്നു. ഈ പദ്ധതി വഴി കേവലം 5 മാസംകൊണ്ട് രണ്ടരക്കോടി രൂപയുടെ മരുന്നുകൾ വിതരണം ചെയ്തിട്ടുണ്ട്. പൊതുവിപണിയിലെ വിലയേക്കാൾ 88 ശതമാനം വരെ വില കുറച്ച് ലാഭമില്ലാതെയാണ് കാൻസർ മരുന്നുകൾ വിതരണം നടത്തിയത്. ആദ്യ ഘട്ടത്തിൽ 14 ജില്ലകളിൽ ഓരോ കൗണ്ടറുകളാണ് സ്ഥാപിച്ചത്. ഇത് കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ ആശുപത്രികളിലൂടെ നൽകുന്ന കാൻസർ മരുന്നുകൾക്ക് ഇരട്ടി തുകയാണ് കഴിഞ്ഞ വർഷങ്ങളിൽ അനുവദിച്ചിട്ടുള്ളത്. 2024-25 വർഷം 27.43 കോടി രൂപയുടെ കാൻസർ മരുന്നുകളാണ് കെ.എം.എസ്.സി.എൽ.-ലൂടെ വിവിധ കാൻസർ ചികിത്സാ കേന്ദ്രങ്ങളായ മെഡിക്കൽ കോളേജ്, ജില്ലാ - ജനറൽ ആശുപത്രികൾ വഴി വിതരണം നടത്തിയത്.

"ആരോഗ്യം ആനന്ദം - അകറ്റാം അർബുദം" എന്ന ജനകീയ കാൻസർ പ്രതിരോധ കാമ്പയിൻ സംസ്ഥാനത്ത് നടപ്പിലാക്കിയതിലൂടെ ആദ്യ ഒരുമാസക്കാലയളവിൽ മാത്രം ഏകദേശം 12 ലക്ഷത്തോളം പേർക്ക് കാൻസർ സ്ക്രീനിങ് നടപ്പിലാക്കുകയുണ്ടായി. പദ്ധതിയുടെ ആദ്യഘട്ടത്തിൽ

30 വയസ്സിന് മുകളിൽ പ്രായമുള്ള സ്ത്രീകൾക്ക് മാത്രമായി നടത്തിയ കാമ്പയിനിൽ 45,000- ഓളം പേരെ കാൻസർ സ്ഥിരീകരണത്തിനുള്ള വിവിധ പരിശോധനകൾക്കായി റഫർ ചെയ്യുകയും ചെയ്തു.

കാൻസറിനെ കുറിച്ചുള്ള ഗവേഷണം റീജിയണൽ കാൻസർ സെന്ററുകളും ആരോഗ്യ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള മെഡിക്കൽ കോളേജുകളും വഴിയാണ് നടപ്പിലാക്കേണ്ടത്. ഇത്തരത്തിൽ വിവിധ മെഡിക്കൽ കോളേജുകളിൽ കാൻസർ കണ്ടെത്തുന്നതിനുള്ള ഇമേജിങ് പരിശോധനകൾ വിപുലീകരിക്കുന്നതിന്റെ ഭാഗമായി പെറ്റ് സ്കാൻ, സ്പെക്ട് സ്കാൻ, മാമോഗ്രാഫി, മുതലായ അത്യാധുനിക സൗകര്യങ്ങൾ നിലവിലുണ്ട്. നൂതന റേഡിയേഷൻ ചികിത്സ നൽകുന്നതിനായി High Energy Linear Acceleration (LINAC) മെഷീനുകൾ, Telecobalt മെഷീൻ, ബ്രാക്കി തെറാപ്പി സൗകര്യങ്ങൾ, റേഡിയേഷൻ ചികിത്സ എന്നിവയും കൃത്യമായി പ്ലാൻ ചെയ്യുന്നതിനുള്ള സി.റ്റി. സിമുലേറ്ററുകളും മെഡിക്കൽ കോളേജിൽ നിലവിലുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ റേഡിയേഷൻ ചികിത്സയ്ക്കായുള്ള 3D CRT, IMRT, Arc Therapy എന്നിവ നൽകിവരുന്നുണ്ട്. തിരുവനന്തപുരം, കോട്ടയം, കോഴിക്കോട് മെഡിക്കൽ

കോളേജുകളിൽ മജ്ജ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നുണ്ട്.

കോട്ടയം മെഡിക്കൽ കേളേജിൽ 2022- ൽ സർജിക്കൽ ഓങ്കോളജി വിഭാഗം ആരംഭിച്ച്, സർജിക്കൽ ഓങ്കോളജിയും മറ്റു ഡിപ്പാർട്ടുമെന്റുകളുമായി ചേർന്ന് ആധുനിക കാൻസർ ശസ്ത്രക്രിയകൾ നടത്തി വരുന്നു. BMT ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. പാലിയേറ്റീവ് ഓങ്കോളജി കേരളത്തിൽ ആദ്യമായി കോട്ടയം മെഡിക്കൽ കോളേജിൽ ആരംഭിച്ചു. ഇവിടെ ഒ.പി/ഐ.പി വിഭാഗങ്ങളും, റഫറൽ സിസ്റ്റവും നന്നായി പ്രവർത്തിച്ചുവരുന്നു. കാൻസർ ഗവേഷണ രംഗത്ത് KMR, SBMR, State - Central സംയുക്ത പ്രോജക്ടുകളും നടന്നുവരുന്നു.

തൃശ്ശൂർ മെഡിക്കൽ കോളേജിൽ സർജിക്കൽ ഓങ്കോളജി വിഭാഗത്തിലെ രണ്ട് ഡോക്ടർമാരും അഡ്വാൻസ്ഡ് ലാപ്രോസ്കോപ്പിക്, തൊറാക്കോസ്കോപ്പിക് ശസ്ത്രക്രിയകളിൽ പരിശീലനമുള്ളവരാണ്. അഡ്വാൻസ്ഡ് ഉപകരണങ്ങൾ വാങ്ങാനായി പ്ലാൻ ഫണ്ടിൽനിന്നും 5.8 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഈ ഉപകരണങ്ങൾ ലഭ്യമായാൽ നിലവിൽ സ്വകാര്യ ആശുപത്രികളിലും ആർ.സി.സി.- യിലും മാത്രം ചെയ്യുന്ന

ആധുനിക ഓങ്കോളജി ശസ്ത്രക്രിയകളും നെഞ്ചു രോഗാശുപത്രി, തൃശ്ശൂരിൽ ചെയ്യാൻ സാധിക്കും.

കോഴിക്കോട് മെഡിക്കൽ കോളേജിൽ ത്രിതല കാൻസർ സെന്ററിൽ നിലവിൽവന്ന റേഡിയേഷൻ ഓങ്കോളജിയിൽ അതിനൂതനമായ ലീനിയർ ആക്സിലേറ്റർ സ്ഥാപിച്ചിട്ടുണ്ട്.

ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിൽ കാൻസർ രോഗ വിഭാഗത്തിൽ പുതുതായി മെഡിക്കൽ ഓങ്കോളജി തസ്തിക അനുവദിക്കുകയും നൂതന ലീനിയർ ആക്സിലറേറ്റർ പ്രവർത്തിച്ച് വരികയുമാണ്. എല്ലാ മെഡിക്കൽ കോളേജുകളിലും കാൻസർ സംബന്ധമായ ഗവേഷണങ്ങൾ അധ്യാപകരും പി.ജി വിദ്യാർഥികളും നടത്തിവരുന്നുണ്ട്. അതോടൊപ്പംതന്നെ ചില മെഡിക്കൽ കോളേജുകളിൽ ICMR സഹായത്തോടെ കാൻസർ ഗവേഷണവും നടക്കുന്നുണ്ട്. ഗവേഷണങ്ങളിലൂടെ ലഭ്യമാകുന്ന പഠന റിപ്പോർട്ടുകൾ ദേശീയ-അന്തർദേശീയ ജേർണലുകളിൽ പ്രസിദ്ധീകരിക്കുന്നുമുണ്ട്.

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ റേഡിയോതെറാപ്പി വിഭാഗത്തിൽ കാൻസർ ചികിത്സ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി

ഡിപ്പാർട്ടുമെന്റ് ഓഫ് ഓങ്കോളജി 2022-ൽ ആരംഭിച്ചു. അതിനൂതനമായ റേഡിയേഷൻ ചികിത്സ ഉപകരണങ്ങളായ Telecobalt (2021), High Energy Linear Accelerator (2022), CT Stimulator (2024), Treatment Planning System എന്നിവ High Precision, State of the Art റേഡിയേഷൻ ചികിത്സയ്ക്കായി പ്രവർത്തനം ആരംഭിച്ചു. ഈ സംവിധാനങ്ങൾ വഴി നൂതന റേഡിയേഷൻ ചികിത്സാ രീതികളായ 3D CRT, IMRT, Arc Therapy എന്നിവ നൽകുന്നു. ഈ ചികിത്സാ രീതികൾ സർക്കാർ സ്കീമുകളായ KASP, KBF, MEDISEP, ESI എന്നിവയിൽക്കൂടി പാവപ്പെട്ട രോഗികൾക്ക് സൗജന്യമായി നൽകുന്നു. ഈ സ്കീമുകൾ വഴി വിലയേറിയ കാൻസർ മരുന്നുകൾ സൗജന്യമായും നൽകുന്നു. മലബാർ കാൻസർ സെന്ററിൽ തലച്ചോർ, സുഷുമ്ന നാഡിയുമായി ബന്ധപ്പെട്ട അർബുദ ശസ്ത്രക്രിയകൾ ചെയ്യുന്നതിനായി ന്യൂറോ സർജിക്കൽ ഓങ്കോളജി വിഭാഗം ആരംഭിച്ചു. പുതുതായി നിർമ്മിച്ച ന്യൂക്ലിയർ മെഡിസിൻ ബ്ലോക്ക്, SPECT CT സ്കാൻ, റേഡിയോ ന്യൂക്ലിഡ് തെറാപ്പി യൂണിറ്റ്, PET-CT സ്കാനർ എന്നിവയുള്ള ന്യൂക്ലിയർ മെഡിസിൻ വകുപ്പ് പ്രവർത്തനക്ഷമമാണ്. ഫോറസ്റ്റ് എഫ്-18 പി.എസ്.എം.എ സ്കാൻ കേരളത്തിൽ ആദ്യമായി സ്ഥാപിച്ചു.

കണ്ണുകളിലെ അർബുദവുമായി ബന്ധപ്പെട്ട ചികിത്സാ വിഭാഗമായ ഒക്യുലർ ഓങ്കോളജി ആരംഭിച്ചു. ആദ്യത്തെ ഇൻട്രാ അർറ്റീരിയൽ കീമോതെറാപ്പി നടത്തി. 5 -ഓളം പ്രൊസീജ്യറുകൾ ഇതുവരെ വിജയകരമായി ചെയ്യാൻ സാധിച്ചു. രോഗബാധിത കോശങ്ങളെ സംഭരിച്ച് ഭാവിയിലെ ഗവേഷണങ്ങൾക്ക് ഉപയോഗിക്കുവാനുള്ള ബയോ ബാങ്ക് സംവിധാനം 05-05-2021 -ന് ആരംഭിച്ചു. ഏകദേശം 3000-ൽ അധികം സാമ്പിളുകൾ ഇതുവഴി ശേഖരിക്കാൻ സാധിച്ചു. എല്ലാ ലബോറട്ടറികൾക്കും NABL അക്രഡിറ്റേഷനും NABH റീ-അക്രഡിറ്റേഷനും ലഭിച്ചു.

റീ-ബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി താക്കോൽദ്വാര ശസ്ത്രക്രിയാ രീതി അവലംബിച്ച് കൂടുതൽ സുരക്ഷിതവും ഫലപ്രദവുമായി ചെയ്യാൻ സാധിക്കുന്ന റോബോട്ടിക്ക് ശസ്ത്രക്രിയകൾ 28-05-2024- ന് ആരംഭിച്ചു. ഇതുവരെ 124 റോബോട്ടിക് ശസ്ത്രക്രിയകൾ വിജയകരമായി പൂർത്തിയാക്കി.

കുട്ടികളുടെ മജ്ജമാറ്റിവെക്കൽ 35 എണ്ണം അടക്കം, 257-ൽ അധികം മജ്ജ മാറ്റിവെയ്ക്കൽ ചികിത്സ വിജയകരമായി പൂർത്തീകരിച്ചു. കുട്ടികളിലെ താലസീമിയയ്ക്കുള്ള മജ്ജ മാറ്റിവെക്കൽ 18-01-2024- ന ആരംഭിച്ചു. റീ-

ബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തി ഡിജിറ്റൽ പാത്തോളജി ലാബ് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി 3 Tesla MRI, Dexa Scan, Galium Generator എന്നിവ ഉപയോഗിച്ചുള്ള രോഗ നിർണ്ണയ സംവിധാനങ്ങളും പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. NABH-ഡിജിറ്റൽ ഹെൽത്ത് സ്റ്റാൻഡേർഡ് അക്രഡിറ്റഡ് - സിൽവർ ലെവൽ അംഗീകാരം ലഭിച്ചു. കോശങ്ങളെ ജനിതക വ്യതിയാനം വരുത്തി, തുടർ ചികിത്സയ്ക്കായി ഉപയോഗിക്കുന്ന CAR -T സെൽ തെറാപ്പി 19-07-2024-ന പ്രവർത്തനമാരംഭിച്ചു. ഇതുവരെയായി 3 CAR -T സെൽ തെറാപ്പി ചെയ്തു കഴിഞ്ഞു.

കിഫ്ബി ഫേസ് -1 പദ്ധതിയിൽ ഉൾപ്പെടുത്തി 4 നിലകളോടുകൂടിയ കെട്ടിട സമുച്ചയം - ട്രീറ്റ്മെൻറ് ആൻഡ് അക്കാഡമിക് ബ്ലോക്ക് - 84 ബെഡുകളോടുകൂടിയ കീമോതെറാപ്പി വാർഡ്, പോസ്റ്റ് ഗ്രാജ്വേറ്റ് ഇൻസ്റ്റിറ്റ്യൂഷൻ ഉയർത്തുന്നതിന്റെ ഭാഗമായി റേഡിയേഷൻ, സർജിക്കൽ, മെഡിക്കൽ ഓങ്കോളജി വിഭാഗങ്ങളും ഗവേഷണ സൗകര്യങ്ങളോടെ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. നവീകരിച്ച ബ്ലഡ്ബാങ്ക്, ബയോകെമിസ്ട്രി ലാബ്, മൈക്രോബയോളജി ലാബ് എന്നിവ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. മൂന്നാമത്തെ

ലീനിയർ ആക്സിലറേറ്റർ സ്ഥാപിക്കാനുള്ള കെട്ടിടവും ഒരുങ്ങിയിട്ടുണ്ട്.

മലബാർ കാൻസർ സെന്റർ ഇന്നൊവേഷൻ, ഇൻകുബേഷൻ നെസ്റ്റ് (MIINT) പ്രവർത്തനമാരംഭിച്ചു. മലബാർ കാൻസർ സെന്ററിന്റെ ഇൻക്യുബേഷൻ ഫെസിലിറ്റിയായ MIINT-ൽ നിലവിൽ മൂന്നു സ്റ്റാർട്ടപ്പ് കമ്പനികൾ ഇൻക്യുബേറ്ററികളായുണ്ട്. നാലാമത്തെ സ്റ്റാർട്ടപ്പ് കമ്പനിയുടെ ഇൻക്യുബേഷൻ നടപടികൾ നടന്നുവരുകയും ചെയ്യുന്നു. ഫെബ്രുവരി മാസം 15-ാം തീയതി MIINT-ന്റെ നേതൃത്വത്തിൽ നടന്ന ഹാക്കത്തോൺ പരിപാടിയിൽ മെഡിക്കൽ പ്രാക്റ്റീസ് മേഖലയിൽ ആവശ്യമായ 50-ൽപ്പരം പ്രശ്ന പ്രസ്താവനകൾ അവതരിപ്പിക്കപ്പെടുകയും അവയുടെ ശാസ്ത്രീയവും വാണിജ്യപരവുമായ സാധ്യതകളെ വിലയിരുത്തുകയും ചെയ്തു. പ്രസ്തുത പരിപാടിയിൽ IIT മദ്രാസ് , NIT കോഴിക്കോട്, വിവിധ എഞ്ചിനീയറിങ് കോളേജുകളിലെ വിദ്യാർഥികളും സ്റ്റാർട്ടപ്പ് കമ്പനികളും പങ്കെടുത്തു. ഹാക്കത്തോണിൽനിന്നും കണ്ടെത്തിയ പ്രശ്നങ്ങൾ പരിഹരിച്ചുകൊണ്ട് പുതിയ സാങ്കേതികവിദ്യ വികസിപ്പികുന്നതിനായി വിഷയ വിദഗ്ധർ അടങ്ങുന്ന ഗ്രൂപ്പുകളും രൂപികരിച്ചു. മലബാർ കാൻസർ സെന്ററിലെ കാൻസർ ഗവേഷണങ്ങളെ കുറിച്ച്, കേരളത്തിലെ കാൻസർ കേസുകളുടെ ഗണ്യമായ

വർധനവിന് അടിസ്ഥാന കാരണങ്ങൾ കണ്ടെത്തുന്നതിനും ഫലപ്രദമായ ഇടപെടലുകൾ വികസിപ്പിക്കുന്നതിനും മലബാർ കാൻസർ സെന്ററിൽ വിവിധങ്ങളായ ഗവേഷണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. കേരളത്തിലെ ബ്രസ്റ്റ് കാൻസറിന്റെ പാരമ്പര്യ ജനിതക പ്രത്യേകതകൾ മനസ്സിലാക്കാനുള്ള ഗവേഷണ പ്രവർത്തനങ്ങൾ വളരെ ഊർജ്ജിതമായി നടന്നുവരുന്നു. ബ്രസ്റ്റ് ഡിസീസ് പോലുള്ള ഉന്നത ജേർണലുകളിൽ ഈ പഠനങ്ങൾ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. അതുപോലെ വായിലെ കാൻസറിനെ കുറിച്ചുള്ള പഠനം ICMR സാമ്പത്തിക സഹായത്തോടെ നടന്നുവരുന്നു. ഗർഭാശയഗള കാൻസറിന്റെ കാരണക്കാരനായ HPV വൈറസിനെ തിരിച്ചറിയാനുള്ള നൂതന ഉപകരണം നിർമ്മിക്കാനുള്ള ഗവേഷണ പ്രവർത്തനങ്ങൾ C-MET-യുമായി ചേർന്ന് നടക്കുന്നു. ഇതുകൂടാതെ കാൻസർ ചികിത്സയ്ക്കാവശ്യമായ വാക്സിനുകൾ, CAR-T സെൽ നിർമ്മിക്കുന്നതിനുള്ള പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്. അതിനായി ഗവേഷണ സ്ഥാപനങ്ങളായ കണ്ണൂർ യൂണിവേഴ്സിറ്റി, കാലിക്കറ്റ് യൂണിവേഴ്സിറ്റി, കാസർഗോഡ് സെൻട്രൽ യൂണിവേഴ്സിറ്റി എന്നീ സ്ഥാപനങ്ങളുമായി ചേർന്ന് മലബാർ കാൻസർ സെന്റർ പ്രവർത്തിച്ചുവരുന്നു.

കാൻസർ രോഗത്തിന് കാരണക്കാരായ പാരിസ്ഥിതിക കാർസിനോജനുകൾ തിരിച്ചറിയുക എന്നതും വളരെ ആവശ്യകരമായ കാര്യമാണ്. ഉയർന്ന കാൻസർ നിരക്കുള്ള പ്രദേശങ്ങളിൽ പരിസ്ഥിതി നിരീക്ഷണവും എക്സ്പോഷർ വിലയിരുത്തലും നടത്തുക. അതുപോലെ നിത്യോപയോഗ സാധനങ്ങളിലുള്ള കാർസിനോജിനുകളുടെ അളവ് നിരന്തര നിരീക്ഷണത്തിന് വിധേയമാക്കാനുള്ള സംവിധാനങ്ങൾ ഒരുക്കുകയും വേണം. അതിനുള്ള ഗവേഷണ പ്രവർത്തനങ്ങൾ മലബാർ കാൻസർ സെന്ററിൽ ആരംഭിക്കാനുള്ള ശ്രമങ്ങൾ പ്രാഥമിക ഘട്ടത്തിലാണ്.

ട്യൂണിങ് അഫിനിറ്റി വഴി മെച്ചപ്പെട്ട പ്രവർത്തനവും തിരഞ്ഞെടുക്കലുമുള്ള ഒരു പുതിയ CD19 അടിസ്ഥാനമാക്കിയുള്ള CAR-T സിസ്റ്റത്തിന്റെ രൂപകൽപ്പനയും വികസനവും- മലബാർ കാൻസർ സെന്റർ, സെൻട്രൽ യൂണിവേഴ്സിറ്റി-കാസർകോട്, എസ്.ആർ.എം. - ചെന്നൈ, എസ്.എസ്.എസ്.ഐ.എച്ച്.എൽ - ഹൈദരാബാദ് ഉൾപ്പെടെയുള്ളവർ ചേർന്നുള്ള ഒരു മൾട്ടി-ഇൻസ്റ്റിറ്റ്യൂട്ട് പ്രോജക്ടുമുണ്ട്. മെച്ചപ്പെട്ട കാൻസർ ചികിത്സാ ഫലങ്ങൾക്കായി CAR-T സെൽ തെറാപ്പി സമഗ്രമായി പര്യവേക്ഷണം ചെയ്യാനും മെച്ചപ്പെടുത്താനും പഠനം ലക്ഷ്യമിടുന്നു. ട്രിപ്പിൾ

നെഗറ്റീവ് സ്തനാർബുദത്തിനെതിരായ മൾട്ടി-എപിടോപ്പ് വാക്സിനുകളുടെ രൂപകൽപ്പനയും വികസനവും മലബാർ കാൻസർ സെന്റർ-പി.ജി.ഐ.ഒ.എസ്.ആർ, കണ്ണൂർ സർവകലാശാല, കാലിക്കറ്റ് സർവകലാശാല എന്നിവയുൾപ്പെടെയുള്ള മറ്റൊരു മൾട്ടി-ഇൻസ്റ്റിറ്റ്യൂട്ട് പ്രോജക്ടാണിത്. ഈ ഗവേഷണത്തിൽ ട്രിപ്പിൾ-നെഗറ്റീവ് ബ്രെസ്റ്റ് കാൻസറിനെതിരെയുള്ള വാക്സിൻ വികസിപ്പിക്കാനാണ് പദ്ധതി. മരുന്ന് പരിശോധനയ്ക്കായി അഡിപ്പോസൈറ്റും രോഗപ്രതിരോധ കോശങ്ങളുമുള്ള സ്തനാർബുദ കോശങ്ങളുടെ ത്രിമാന (3D) ഓർഗാനോടൈപ്പിക് കോ-കൾച്ചർ സിസ്റ്റം വികസിപ്പിക്കൽ, കീമോതെറാപ്പി സ്ക്രീനിങ് ടൂളിനായുള്ള 3D കൾച്ചർ സിസ്റ്റത്തിന്റെ വികസനത്തിൽ ഈ പഠനം ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ഐ.സി.എം.ആർ ധനസഹായത്തോടെ ഓറൽ കാൻസറിൽ രണ്ട് പ്രോജക്ടുകളുണ്ട്. എക്സ്ട്രാ സെല്ലുലാർ വെസിക്കിൾ പ്രോട്ടീൻ പ്രൊഫൈലുകളെ ഉപയോഗിച്ച് ബ്രെയിൻ ട്യൂമർ നിർണ്ണയിക്കാനുള്ള കഴിവിനെ വിശകലനം ചെയ്യുകയും മസ്തിഷ്ക അർബുദം നേരത്തേ കണ്ടെത്തുന്നതിനും അപകടസാധ്യതയുള്ള സ്ട്രാറ്റിഫിക്കേഷനും ഫലങ്ങൾ മെച്ചപ്പെടുത്തുന്നതിന് വ്യക്തിഗത ചികിത്സാ തന്ത്രങ്ങൾ നയിക്കുന്നതിനുമുള്ള

ബയോമാർക്കർ സിസ്റ്റമായി EV പ്രോട്ടീനുകൾ സ്ഥാപിക്കുക എന്നിവ പദ്ധതി ലക്ഷ്യമിടുന്നു.

ഓറൽ സ്ക്വാമസ് സെൽ കാർസിനോമയുടെ ചികിത്സയ്ക്കായി നിയന്ത്രിത ഇൻട്രാ-ട്യൂമറൽ ഡ്രഗ് ഡെലിവറി കാരിയർ സിസ്റ്റത്തിന്റെ ഫലപ്രാപ്തി വിലയിരുത്തുകയും ചെയ്യുന്നുണ്ട്. ഓറൽ സ്ക്വാമസ് സെൽ കാർസിനോമ (OSCC) ആഗോളതലത്തിൽ ഒരു ശക്തമായ ആരോഗ്യ വെല്ലുവിളിയായി നിലകൊള്ളുന്നു. വിവിധ കീമോ മരുന്നുകൾ ബന്ധിപ്പിക്കുന്നതിനും പുറത്തുവിടുന്നതിനുമുള്ള ചിറ്റോസന്റെയും ടെമ്പോ-ഓക്സിഡൈസ്ഡ് നാനോസെല്ലുലോസ് അടിസ്ഥാനമാക്കിയുള്ള പാച്ചുകളുടെയും ഫലപ്രാപ്തി വിലയിരുത്തുക, നിയന്ത്രിത റിലീസിനൊപ്പം മൾട്ടിഡ്രഗ് കോമ്പിനേഷനുകൾ ലോഡുചെയ്യുന്നതിന് അവയുടെ സാധ്യതകൾ വിലയിരുത്തുക എന്നിവയാണ് പഠനം ലക്ഷ്യമിടുന്നത്. ആരോഗ്യകരമായ ടിഷ്യൂകളിലെ പ്രതികൂല ഫലങ്ങൾ കുറയ്ക്കുന്നതിന് മെച്ചപ്പെട്ട ഓറൽ കാൻസർ ചികിത്സയ്ക്കായി നൂതനമായ ചികിത്സാരീതികൾ സംഭാവന ചെയ്യാൻ ഈ ഗവേഷണം ശ്രമിക്കുന്നു.

റെറ്റിനോബ്ലാസ്റ്റോമയ്ക്കുള്ള നാനോ ടെക്നോളജി അടിസ്ഥാനമാക്കിയുള്ള

മരുന്ന് വിതരണ സംവിധാനത്തിന്റെ വികസനമാണ് മറ്റൊന്ന്. റെറ്റിനോബ്ലാസ്റ്റോമ എന്നത് കുട്ടിക്കാലത്തെ ഏറ്റവും സാധാരണമായ നേത്ര അർബുദമാണ്. ഇത് ആഗോളതലത്തിൽ ഉയർന്ന മരണനിരക്കിന് കാരണമാകുന്നു. പ്രത്യേകിച്ച് അതിജീവന നിരക്ക് 50%- ൽ താഴെയുള്ള താഴ്ന്ന വരുമാനമുള്ള രാജ്യങ്ങളിൽ കീമോതെറാപ്പി, റേഡിയോ തെറാപ്പി, ന്യൂക്ലിയേഷൻ തുടങ്ങിയ നിലവിലെ ചികിത്സകൾ പലപ്പോഴും വ്യവസ്ഥാപരമായ വിഷാംശത്തിനും ചികിത്സാ പ്രതിരോധത്തിനും കാരണമാകുന്നു. കീമോതെറാപ്പി ഡെലിവറിയുടെ കൃത്യത വർധിപ്പിക്കുന്നതിനും വ്യവസ്ഥാപരമായ വിഷാംശം കുറയ്ക്കുന്നതിനും ചികിത്സാ പ്രതിരോധത്തെ മറികടക്കുന്നതിനും എക്സോസോമുകൾ പ്രയോജനപ്പെടുത്താൻ ഈ പഠനം ലക്ഷ്യമിടുന്നു.

(ഡി) എല്ലാ ജനവിഭാഗങ്ങൾക്കും കാൻസർ ഗ്രിഡ് ഫലപ്രദമാണെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പദ്ധതി കൂടുതൽ ശക്തമായി നടപ്പിലാക്കുന്നതിന് ആരോഗ്യവകുപ്പ് നടപടികൾ സ്വീകരിക്കുന്നതാണ്. ഇതിന്റെ ഭാഗമായി കാൻസർ ഗ്രിഡിനെ ഡിജിറ്റൈസ് ചെയ്യുന്നതിന് ഒരു പദ്ധതി തയ്യാറാക്കുകയും ഇതിന്റെ ഫണ്ട് ലഭ്യമാകുന്നതിന് ദേശീയ

ആരോഗ്യ ദൗത്യം വഴി കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. കൂടുതൽ സ്വകാര്യ ആശുപത്രികളെയും സ്വകാര്യ ലാബുകളെയും ഉൾപ്പെടുത്തി കാൻസർ കെയർ ഗ്രിഡ് വിപുലീകരിക്കുന്നതിനാണ് സർക്കാർ പദ്ധതിയിടുന്നത്. ഇത്തരത്തിൽ കാൻസർ ഗ്രിഡ് പദ്ധതി നടപ്പാക്കുന്നതിലൂടെ കാൻസർ സെന്ററുകളെയും മെഡിക്കൽ കോളേജുകളെയും ജില്ലാ, ജനറൽ, താലൂക്ക് ആശുപത്രികളെയും ഏകോപിപ്പിക്കാനും സാധിക്കും. കാൻസർ കെയർ ഗ്രിഡ് പ്രകാരം കേരളത്തിലെ എല്ലാ ആരോഗ്യ സ്ഥാപനങ്ങളെയും അവയുടെ രോഗ നിർണ്ണയ, ചികിത്സ സംവിധാനങ്ങളുടെ ലഭ്യതയുടെ അടിസ്ഥാനത്തിൽ മാപ്പിങ് നടത്തിയിട്ടുണ്ട്. ഇതുപ്രകാരം കേരളത്തിലെ ഓരോ വ്യക്തിക്കും അവരുടെ വീടിന്റെ അൻപത് കിലോമീറ്റർ ചുറ്റളവിൽ രോഗ നിർണ്ണയ ചികിത്സ സംവിധാനങ്ങൾ ലഭ്യമാക്കുന്നതുവഴി, ചെലവു കുറഞ്ഞതും വേഗത്തിൽ എത്തിപ്പെടാവുന്നതും മികച്ചതുമായ ചികിത്സ സംവിധാനങ്ങൾ ഉറപ്പുവരുത്തുക എന്നതാണ് ലക്ഷ്യമിടുന്നത്. ഇതുവഴി എല്ലാ വിഭാഗത്തിലും പെടുന്ന ജനങ്ങൾക്ക് താങ്ങാവുന്ന ചികിത്സ ലഭ്യമാവുകുകയാണ്. കൂടാതെ, കാൻസർ ചികിത്സയ്ക്കായി ഇന്ന് സർക്കാരിന്റെ വിവിധ ചികിത്സ സഹായ

പദ്ധതികൾ ഈ സ്ഥാപനങ്ങളിൽ ലഭ്യമാണ്. ഈ നടപടികൾ എല്ലാ ജില്ലകളിലും പൂർത്തീകരിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. വി. ജോയി: സർ, വികസിത മുതലാളിത്ത രാജ്യങ്ങൾപോലും നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയാണ് അർബുദ വ്യാപനം. അവിടങ്ങളിലെ മരണനിരക്കിന്റെ മുപ്പത് ശതമാനവും ഇതുമൂലമാണെന്ന കണക്ക് പുറത്തുവരുകയാണ്. എന്നാൽ, ഇന്ത്യയിൽ  ഈ കണക്ക് പത്ത് ശതമാനത്തോളം വരും. നിലവിൽ സംസ്ഥാനത്ത് ആരോഗ്യരംഗം മെച്ചപ്പെട്ട നിലയിലാണ്. ലോകത്തുതന്നെ അഭിമാനകരമായ നേട്ടമാണ് നമുക്ക് പലകാര്യങ്ങളിലും  കാണാൻ കഴിയുന്നത്. സംസ്ഥാനത്ത് വർധിച്ചുവരുന്ന കാൻസർ മഹാമാരിയെ പ്രതിരോധിക്കാൻ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വിശദീകരിക്കാമോ?

ശ്രീമതി വീണാ ജോർജ്: സർ,  നേരത്തെ ഇവിടെ ഉത്തരത്തിൽ സൂചിപ്പിച്ചതുപോലെ,  നവകേരള കർമ്മപദ്ധതി രണ്ടിന്റെ ഭാഗമായി ആർദ്രം മിഷനിലൂടെ പത്ത് കാര്യങ്ങൾ ലക്ഷ്യംവച്ചിട്ടുള്ളതിൽ ഒരുകാര്യം കാൻസർ രോഗ പ്രതിരോധമാണ്. സംസ്ഥാനത്ത് 65 മുതൽ 75 ശതമാനം ആളുകൾ കാൻസർ രോഗം കണ്ടെത്തുന്നത് രോഗത്തിന്റെ മൂന്നാമത്തെയോ,

നാലാമത്തെയോ ഘട്ടത്തിലാണ്. അതിനാൽ രോഗവും ചികിത്സയും സങ്കീർണ്ണമാവുകയും ചെയ്യും. ഇവർ ആരോഗ്യ പരിരക്ഷയ്ക്ക് പുറത്തുള്ളവരാണെങ്കിൽ വലിയ സാമ്പത്തിക പ്രതിസന്ധിയുമുണ്ടാകാനുള്ള സാഹചര്യം നിലനിൽക്കുന്നുണ്ട്. ഇവിടെയാണ് സംസ്ഥാന സർക്കാർ ഇടപെടുന്നത്. ലോക കാൻസർ ദിനമായ ഫെബ്രുവരി 4-ാം തീയതി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആഗോള പൊതുജനാരോഗ്യ ചരിത്രത്തിൽ ഏറ്റവും ബൃഹത്തായ ജനകീയ കാൻസർ പ്രതിരോധ കാമ്പയിന് തുടക്കം കുറിച്ചു. ടി കാമ്പയിൻ പന്ത്രണ്ട് മാസം നീണ്ടുനിൽക്കുന്നതാണ്. "ആരോഗ്യം, ആനന്ദം - അകറ്റാം അർബുദം'' എന്ന് പേരിട്ടിരിക്കുന്ന ഈ കാമ്പയിന്റെ ആദ്യ ഒരുമാസം സ്ത്രീകൾക്കായി സമർപ്പിച്ചിട്ടുണ്ടായിരുന്നു. ഈ ആദ്യത്തെ ഒരുമാസം ഇതുവരെ സ്ക്രീൻ ചെയ്ത സ്ത്രീകളുടെ എണ്ണം 13,74,662 ആണ്. ഇതൊരു ചരിത്രമാണ്. അതിനുശേഷം തുടർപരിശോധ ആവശ്യമുള്ളവർക്ക് അത് നടത്തുന്നുണ്ട്. ഇതുവരെ പരിശോധന നടത്തിയവരിൽ 120 പുതിയ കാൻസർ രോഗികളെ കണ്ടെത്തിയിട്ടുണ്ട്. ഒരുപക്ഷെ, പ്രസ്തുത കാമ്പയിൻ ഉണ്ടായിരുന്നില്ലെങ്കിൽ, അവർക്ക് കാൻസർ രോഗമുണ്ടെന്ന് തിരിച്ചറിയാതെ മുന്നോട്ടു പോകുന്ന സാഹചര്യമുണ്ടാകുമായിരുന്നു. കാൻസർ രോഗംമൂലമുള്ള

മരണം കുറയ്ക്കുകയും ടി രോഗത്തെ പ്രതിരോധിക്കുകയുമാണ് സംസ്ഥാന സർക്കാരിന്റെ ലക്ഷ്യങ്ങളിൽ ഒന്ന്. പ്രസ്തുത രോഗം ആദ്യംതന്നെ കണ്ടെത്തി കൃത്യമായ ചികിത്സ ഉറപ്പാക്കുകയാണ് ചെയ്യേണ്ടത്. അതോടൊപ്പം ചികിത്സ വികേന്ദ്രീകരിക്കുന്നതിന് കൃത്യമായ ഇടപെടൽ സംസ്ഥാന സർക്കാർ നടത്തുകയും ചെയ്യുന്നുണ്ട്. ആർ.സി.സി., എം.സി.സി., സി.സി.ആർ.സി., അതുപോലെ 6 മെഡിക്കൽ കോളേജുകൾ ടെർഷറിയിൽ വരുന്ന എറണാകുളം ജനറൽ ഹോസ്പിറ്റൽ, കൂടാതെ സംസ്ഥാനത്തെ 1522 ആരോഗ്യ കേന്ദ്രങ്ങൾ, സി.എച്ച്.സി.-കൾ ഉൾപ്പെടെയുള്ള ഇടങ്ങളിൽ കാൻസർ സ്ക്രീനിങ് സംവിധാനമൊരുക്കിയിട്ടുണ്ട്. ഇതൊരു വലിയ മൂവ്മെന്റാണ്. ചികിത്സാ സംവിധാനങ്ങൾക്കായി കീമോതെറാപ്പി, റേഡിയേഷൻ ഉൾപ്പെടെയുള്ളവ ജില്ലാ ആശുപത്രികളിലേയ്ക്കുകൂടി വികേന്ദ്രീകരിച്ചിട്ടുണ്ട്. പുതിയ ചികിത്സാ സംവിധാനങ്ങൾ ആർ.സി.സി., എം.സി.സി എന്നിവിടങ്ങളിൽ വികസിപ്പിക്കുന്നുണ്ട്. ആർ.സി.സി.-യ്ക്ക് ഐക്യരാഷ്ട്രസഭയുടെ അംഗീകാരം അടുത്തിടെ ലഭിച്ചിട്ടുണ്ടായിരുന്നു. മരണനിരക്ക് കുറയ്ക്കുക, ചികിത്സ വികേന്ദ്രീകരിക്കുക എന്നിവയോടൊപ്പം ചികിത്സയുടെ ധനച്ചെലവ് പരമാവധി കുറയ്ക്കുക എന്നതാണ് സംസ്ഥാന

സർക്കാർ ലക്ഷ്യമിടുന്നത്.

ശ്രീ. വി. ജോയി: സർ, ചില പഠനങ്ങൾ പറയുന്നത്, എഴുപത് ശതമാനം അർബുദവും ഒരുപരിധിവരെ ചികിത്സയിലൂടെ തടയാമെന്നാണ്. എന്നാൽ, ഇന്ന് അമ്പത് ശതമാനം ആളുകളും രോഗത്തിന് കീഴ്പ്പെടുന്നതായാണ് കാണുന്നത്. ഇതിനൊരു പ്രധാനപ്പെട്ട കാര്യം മരുന്നുകളുടെ വില വളരെ കൂടുതലാണെന്നതാണ്. കാൻസർ ചികിത്സയുമായി ബന്ധപ്പെട്ട ചെലവുകൾ കുറയ്ക്കാൻ സർക്കാർ സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണ്?

ശ്രീമതി വീണാ ജോർജ്: സർ, ഇതുമായി ബന്ധപ്പെട്ട സ്കീമുകൾക്ക് പുറത്തുള്ളവർക്ക് കാൻസർ മരുന്നുകൾ മിതമായ വിലയ്ക്ക് നൽകുകയെന്നത് ഈ സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങളിലൊന്നാണ്. കഴിഞ്ഞ വർഷം സർക്കാരിന്റെ നൂറുദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തി 'കാരുണ്യ സ്പർശം' എന്ന പദ്ധതി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തിരുന്നു. 'സീറോ പ്രോഫിറ്റ്' എന്നതാണ് പ്രസ്തുത പദ്ധതികൊണ്ടുദ്ദേശിച്ചിട്ടുള്ളത്. ഒരു ലാഭവും എടുക്കാതെ, ഏതുവിലയ്ക്കാണോ മരുന്ന് എടുക്കുന്നത് ആ വിലയ്ക്ക് രോഗികൾക്ക് നൽകുക എന്നതാണ് ലക്ഷ്യം. ടി പദ്ധതി വലിയ രീതിയിൽ

രോഗികൾക്ക് പ്രയോജനപ്രദമായിരുന്നു. 14-03-2025 വരെ (ആറുമാസം) പൊതുവിപണിയിൽ മൂന്നുകോടി നാൽപ്പത്തിയേഴ് ലക്ഷം രൂപയുടെ മരുന്നുകൾ നമ്മൾ ലഭ്യമാക്കിയത് ഒരുകോടി പതിമൂന്നുലക്ഷം രൂപയ്ക്കാണ്. ചില മരുന്നുകളുടെ വില ഞാൻ ഇവിടെ സൂചിപ്പിക്കാം. 1,11,000 രൂപ വിലയുള്ള മരുന്ന് ഏകദേശം 12,000/- രൂപയ്ക്ക് നൽകുന്നതിന് നമുക്ക് സാധിച്ചു. പ്രോസ്റ്റേറ്റ് കാൻസറിന്റെ മരുന്നിന് പൊതുവിപണിയിലെ വില 42,350/- രൂപയാണ്. അത് നമുക്ക് 5000/-രൂപയ്ക്ക് നൽകാൻ കഴിയുന്നുണ്ട്. അതുപോലെ, ഓരോമരുന്നിനും ഗണ്യമായിട്ടുള്ള വില വ്യത്യാസമാണ് ഈ പദ്ധതിയിലൂടെ ഉണ്ടാകുന്നത്. നിലവിൽ 14 ജില്ലകളിലെ 14 കാരുണ്യ ഫാർമസികളിലാണ് ടി പദ്ധതി ആരംഭിച്ചിട്ടുള്ളത്. കൂടുതൽ കാരുണ്യ ഫാർമസികളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനാണ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഞാൻ നേരത്തെ സൂചിപ്പിച്ച മൂന്നുകോടിയിൽപരം മരുന്ന് പൊതുവിപണിയിലുള്ളത് ഇവിടെ നൽകിയപ്പോൾ ആളുകൾക്കുണ്ടായ ലാഭം ആറുമാസംകൊണ്ട് രണ്ടുകോടി മുപ്പത്തിനാലു ലക്ഷത്തിനാൽപ്പത്തി ഒമ്പതിനായിരത്തി ചില്ല്വാനം രൂപയാണ്. വലിയ ആശ്വാസമാണ് ജനങ്ങൾക്ക് ടി പദ്ധതിയിലൂടെ

ലഭിക്കുന്നത്. ഇതുകൂടാതെ, മെഡിക്കൽ കോളേജുകളിലും ജില്ലാ ആശുപത്രികളിലും കാസ്പ് വഴിയുള്ള ചികിത്സയിൽ ഏറ്റവും കൂടുതൽ സഹായം നൽകുന്നത് ഓങ്കോളജി ട്രീറ്റ്മെന്റിനാണ്. പരമാവധി സഹായം ഈ സ്കീമിൽ ഉൾപ്പെടുത്തി നൽകുന്നതിനുള്ള ശ്രമം നടക്കുന്നുണ്ട്. സംസ്ഥാനത്ത് കാൻസർ രോഗമാണെന്ന് കണ്ടാൽ ജനങ്ങൾക്ക് ഒരു ഭയമുണ്ടാകുന്നുണ്ട്. എന്നാൽ ഭയത്തിന്റെ ആവശ്യമില്ല. പൂർണ്ണമായും ചികിത്സിച്ച് ഭേദമാക്കാൻ കഴിയും. എന്നാൽ അത് ആദ്യം കണ്ടുപിടിക്കേണ്ടതുണ്ട്. അതിനായി സർക്കാരും ഇടപെടുന്നുണ്ട്.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. കെ. വി. സുമേഷ്): സർ, സയൻസ് ആൻഡ് ടെക്നോളജിയുടെ വളർച്ചയും എ.ഐ. സംവിധാനങ്ങളുമെല്ലാം ചികിത്സാരംഗത്ത് ഉപയോഗപ്പെടുത്തുകയാണ്. കേരളം അതിൽ മാതൃകയായി മാറിയിട്ടുണ്ട്. ആർ.സി.സി.-യിലും എം.സി.സി.-യിലും റോബോട്ടിക് സർജറി ആരംഭിക്കാൻ കഴിഞ്ഞുയെന്നത് വളരെ ശ്രദ്ധേയമായ നേട്ടമാണ്. റോബോട്ടിക് സർജറിയുടെ അനുഭവം എന്താണ്; കുഞ്ഞുങ്ങൾക്ക് റോബോട്ടിക് സർജറി നടത്തിയിട്ടുണ്ടോ?

<u>ശ്രീമതി വീണാ ജോർജ്</u>: സർ, കാൻസർ ചികിത്സയിൽ പ്രത്യേകിച്ച്, സർജിക്കൽ ഇന്റർവെൻഷൻ വളരെ കൃത്യതയോടുകൂടി നടത്തുന്നതിന് റോബോട്ടിക് സർജറി വലിയ രീതിയിൽ സഹായകമാകുന്നുണ്ട്. രണ്ട് റീജിയണൽ കാൻസർ സെന്ററുകളിലാണ് റോബോട്ടിക് സർജറി ആരംഭിച്ചത്. 30 കോടിയിലധികം രൂപയാണ് റോബോട്ടിക് സർജറി സാധ്യമാക്കുന്നതിന് ചെലവഴിച്ചിട്ടുള്ളത്. ആർ.സി.സി.-ൽ ഇതുവരെ 300 റോബോട്ടിക് ശസ്ത്രക്രിയകളും എം.സി.സി.-ൽ 200 റോബോട്ടിക് ശസ്ത്രക്രിയകളും വിജയകരമായി നടത്താൻ കഴിഞ്ഞിട്ടുണ്ട്. ഏറ്റവും ആശ്വാസകരമായ ഒരുകാര്യം, ഫെബ്രുവരി 27-ാം തീയതി പീഡിയാട്രിക് ഓങ്കോളജിയിൽ റോബോട്ടിക് സർജറി വളരെ വിജയകരമായി നടത്തുവാൻ കഴിഞ്ഞു. ആധുനിക ചികിത്സാ സംവിധാനങ്ങൾ മികവുറ്റ രീതിയിൽ നമ്മുടെ ആശുപത്രികളിൽ ലഭ്യമാക്കുന്നതിനുള്ള ശ്രമങ്ങളുടെ ഭാഗമായാണ് ഇത് സാധ്യമായിരിക്കുന്നത്.

<u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ</u>: സർ, സെർവിക്കൽ കാൻസറിന് എതിരായുള്ള എച്ച്.പി.വി വാക്സിനേഷൻ പ്ലസ്- 1, പ്ലസ്-2 തലത്തിലുള്ള പെൺകുട്ടികൾക്ക് നൽകാൻ തീരുമാനിച്ചിരുന്നത് എന്നുമുതൽ

നൽകാനാകും; കുഞ്ഞുകുട്ടികൾ മുതൽ പ്രായമേറിയ ആളുകൾക്കു വരെ കാൻസർ രംഗത്ത് ഏറ്റവും പ്രധാനപ്പെട്ട ആവശ്യമായി വരുന്ന ചികിത്സയാണ് പ്രോട്ടോൺ- ബീം തെറാപ്പി. ഇത് ഏഷ്യയിൽ മദ്രാസ്സിൽ മാത്രമാണുള്ളതെന്നാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളത്. പ്രസ്തുത ചികിത്സാ സമ്പ്രദായം സംസ്ഥാനത്തും കൊണ്ടുവരുന്നതിന് മുൻകൈയെടുക്കാൻ കഴിയുമോ?

ശ്രീമതി വീണാ ജോർജ്: സർ, സെർവിക്കൽ ക്യാൻസറുമായി ബന്ധപ്പെട്ട് സ്ക്രീനിങ് ആരംഭിച്ചതിനെക്കുറിച്ച് ഞാൻ പരാമർശിച്ചിരുന്നു. പതിമൂന്ന് ലക്ഷത്തി അറുപത്തി നാലായിരത്തിലധികം വനിതകൾ സ്ക്രീൻ ചെയ്യപ്പെട്ടപ്പോൾ 120 കേസുകൾ കണ്ടെത്തി. അതിൽ 66 ബ്രെസ്റ്റ് കാൻസറും 44 സെർവിക്കൽ കാൻസറും 10 ഓറൽ കാൻസറുമാണ്. സ്ക്രീൻ ചെയ്തവരുടെ പരിശോധനകൾ പൂർത്തിയായിട്ടില്ല. ആഗോള തലത്തിൽ സെർവിക്കൽ കാൻസറിനെ പ്രതിരോധിക്കുന്നതിന് 99.9 ശതമാനവും ഇഫക്ടീവ് എച്ച്.പി.വി വാക്സിനാണ്. ഈ വാക്സിൻ നൽകാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചിരുന്നു. ആദ്യം രണ്ട് ജില്ലകളെന്നുള്ള നിലയിലാണ് തെരഞ്ഞെടുത്തത്. പിന്നീട്, മൂവ്മെന്റ് കണ്ടുതുടങ്ങിയപ്പോൾ അതിനെ

പിന്തുണയ്ക്കുന്നതിനുവേണ്ടി ഒട്ടേറെ സംഘടനകളും സി.എസ്.ആർ. ഫണ്ടും ലഭ്യമായി. ഇതിന്റെ അടിസ്ഥാനത്തിൽ മാർച്ച് മാസത്തിൽതന്നെ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും എച്ച്.പി.വി. വാക്സിൻ പെൺകുട്ടികൾക്ക് കൊടുക്കുന്നതിന് സാധിക്കും. പെൺകുട്ടികൾക്കും ആൺകുട്ടികൾക്കും കൊടുക്കണമെന്നാണ് വൈദ്യശാസ്ത്രം പരാമർശിക്കുന്നത്. പക്ഷെ, ആദ്യം പെൺകുട്ടികൾക്ക് കൊടുത്തു തുടങ്ങുന്നുണ്ട്. അവരുടെ എയ്ജ് ഗ്രൂപ്പ് കൂടി വൈദ്യശാസ്ത്രം പരാമർശിക്കുന്നുണ്ട്. 9 മുതൽ 14 വയസ്സുവരെ ഒരു ഗ്രൂപ്പ്. അത് ഒരു ഡോസ് മതിയാകും. പിന്നീട് ഹയർ സെക്കന്ററി വിഭാഗമാണ്. അതിൽ സർക്കാർ കൃത്യമായ തീരുമാനം എടുത്തുകൊണ്ട് എല്ലാ ജില്ലകളിലും ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള നടപടികളാണ് സ്വീകരിക്കുന്നത്. ഉടൻതന്നെ അത് ആരംഭിക്കുവാൻ സാധിക്കും. പുതിയ രീതിയിലുള്ള ചികിത്സാ സംവിധാനങ്ങൾ സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച കാര്യങ്ങൾ ഉൾപ്പെടെ സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ട് എന്നുകൂടി അറിയിക്കാൻ ആഗ്രഹിക്കുന്നു.

ശ്രീ. കെ. ഡി. പ്രസേനൻ ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. എം. എസ്. അരുൺ കുമാർ): സർ, അടുത്തിടെ ആദരണീയനായ മുഖ്യമന്ത്രി

ലോഞ്ച് ചെയ്ത കാൻസർ ഗ്രിഡ് പദ്ധതിയെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചു. കാൻസർ ചികിത്സാരംഗത്ത് എന്തെല്ലാം മാറ്റങ്ങളാണ് ഇതുമായി ബന്ധപ്പെട്ട് ഉണ്ടാവുക; കാൻസർ ഗ്രിഡിലുൾപ്പെട്ട ആശുപത്രികളുടെ എണ്ണത്തിൽ വർധനവ് വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; അങ്ങനെയെങ്കിൽ ലെപ്രസി സാനറ്റോറിയംകൂടി അതിന്റെ ഭാഗമായി ഉൾപ്പെടുത്തുമോ?

<u>ശ്രീമതി വീണാ ജോർജ്</u>: സർ, കാൻസർ പ്രതിരോധത്തിന്റെയും നിയന്ത്രണത്തിന്റെയും ഭാഗമായിട്ടാണ് കാൻസർ ഗ്രിഡ് രൂപീകരിച്ചത്. അതിലേറ്റവും ഗുണപരമായ കാര്യം, ആർദ്രം മിഷന്റെ ഭാഗമായി ആരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തി. കുടുംബാരോഗ്യ കേന്ദ്രം കുടുംബങ്ങളുടെ ആരോഗ്യകേന്ദ്രം എന്നുള്ളതുതന്നെയാണ്. രോഗമുണ്ടായാൽ ആദ്യം എവിടേക്കു പോകണം? അവിടെ നിന്ന് ഡോക്ടറെ കണ്ടിട്ട് നമ്മളെ റഫർ ചെയ്ത് സെക്കന്ററി തലത്തിലേക്ക് വിടും. ഈ ഘട്ടത്തിൽ സംസ്ഥാനത്തെ എല്ലാ ആരോഗ്യകേന്ദ്രങ്ങളിലും കുടുംബാരോഗ്യ കേന്ദ്രങ്ങളിലും സി.എച്ച്.സി.-കളിലും കാൻസർ സ്ക്രീനിങ് സംവിധാനം ഉറപ്പാക്കാൻ കഴിഞ്ഞു. കാൻസർ ഗ്രിഡിലൂടെയുള്ള പ്രയോജനങ്ങൾ

ഉത്തരത്തിൽ വളരെ വിശദമായി ഞാൻ പരാമർശിച്ചിട്ടുണ്ട്. ഒരു ആശയ കുഴപ്പവുമില്ലാതെ നമ്മുടെ പഞ്ചായത്തിൽ/നമ്മൾ താമസിക്കുന്നതിന്റെ തൊട്ടടുത്തുള്ള ഏത് ആരോഗ്യകേന്ദ്രത്തിലും നമുക്ക് സ്ക്രീൻ ചെയ്യാം. അതിനുശേഷം എവിടേക്ക് പോകണം, ഒരു ആശയകുഴപ്പവും വേണ്ട, ഏറ്റവും അടുത്തുള്ള സംവിധാനം എവിടെയാണ്, അതുൾപ്പെടെയുള്ള വിവരങ്ങൾ പൊതുസമൂഹത്തിന് ലഭ്യമാകുന്നതിന് കാൻസർ ഗ്രിഡ് സഹായിക്കും. ഇത് രണ്ട് തലത്തിൽ പ്രയോജനപ്പെടും. ഒന്നാമതായി, പൊതു സമൂഹത്തിന് പ്രയോജനപ്പെടും, രണ്ടാമതായി സർവീസ് പ്രൊവൈഡർക്കും ആരോഗ്യപ്രവർത്തകർക്കും വ്യക്തികളെ ഇതിലേക്ക് ഗൈഡ് ചെയ്യുന്നതിന് സാധിക്കും. കാൻസർ ഗ്രിഡിൽ നിലവിലുള്ള ആശുപത്രികളെ കൂടാതെ സ്വകാര്യമേഖലയിലെ ആശുപത്രികളെയും ഉൾപ്പെടുത്തി വിപുലീകരിക്കുന്നതിനുള്ള ശ്രമം നടക്കുന്നു. ഇത് ഡിജിറ്റലൈസ് ചെയ്യപ്പെടുകയാണ്, അതൊരു വലിയ പ്രവർത്തനമാണ്. കേന്ദ്ര സർക്കാരിന്റെ സഹായം ആവശ്യപ്പെട്ടെങ്കിലും ലഭ്യമായിട്ടില്ല. അത് ലഭിച്ചില്ലെങ്കിലും ഈ പ്രവർത്തനവുമായി മുന്നോട്ട് പോകേണ്ടതുണ്ട്. ബഹുമാനപ്പെട്ട അംഗത്തിന്റെ നിയോജകമണ്ഡലമായ നൂറനാട്

ആശുപത്രിയിലും സ്ക്രീനിങ് സംവിധാനം നമ്മുടെ നയത്തിന്റെ ഭാഗമായി തീർച്ചയായും ഒരുക്കാൻ കഴിയും.

<u>ശ്രീ. കെ. പി. എ. മജീദ്</u>: സർ, കാൻസർ രോഗനിർണ്ണയവും മറ്റ് കാര്യങ്ങളും ആരോഗ്യ വകുപ്പിന്റെയും മറ്റ് സന്നദ്ധസംഘടനകളുടെയും നേതൃത്വത്തിൽ നടക്കുന്നുണ്ടല്ലോ; പക്ഷെ, അങ്ങനെ രോഗം നിർണ്ണയിച്ചു കഴിഞ്ഞാൽ ചികിത്സിക്കുന്ന കാര്യങ്ങൾ ഇപ്പോഴും അന്യമായി കിടക്കുകയാണ്. താലൂക്ക് ആശുപത്രികളിലെങ്കിലും ഇങ്ങനെ വരുന്ന രോഗികളെ ചികിത്സിക്കാൻ ആവശ്യമായ ഡോക്ടർമാരെ നിയോഗിച്ച് ഈ കാര്യങ്ങൾ മെച്ചപ്പെടുത്താൻവേണ്ടിയുള്ളൊരു സംവിധാനത്തെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ?

<u>ശ്രീമതി വീണാ ജോർജ്</u>: സർ, രോഗം കണ്ടെത്തിക്കഴിഞ്ഞാൽ അതിന് കൃത്യമായ ചികിത്സ ഉറപ്പാക്കേണ്ടതായിട്ടുണ്ട്. അതിനുവേണ്ടി ആർദ്രം മിഷന്റെ ഭാഗമായി മെഡിക്കൽ കോളേജുകളിലും റീജിയണൽ കാൻസർ സെന്ററുകളിലുമുള്ള ചികിത്സകൾ ജില്ലാതലത്തിലേക്ക് വികേന്ദ്രീകരിക്കാൻ നമുക്ക് സാധിച്ചു. 25 ജില്ലാ ആശുപത്രികളിൽ ഇപ്പോൾ ചികിത്സ ലഭ്യമാക്കുന്നുണ്ട്. അതുകൂടാതെ, നല്ലൂർ നാട് പോലുള്ള ട്രൈബൽ

മേഖലയിൽ പ്രത്യേകമായി കാൻസർ ചികിത്സ നൽകുന്നുണ്ട്. തിരൂർ ആശുപത്രിയിൽ ഓങ്കോളജിയുടെ പ്രവർത്തനം നല്ല രീതിയിൽ നടക്കുന്നുണ്ട്. പുതിയ കെട്ടിടത്തിന് ലൈസൻസ് ലഭിച്ചാൽ തിരൂർ ആശുപത്രിയിൽ പുതിയ സംവിധാനങ്ങൾ ഒരുക്കിക്കൊണ്ടുതന്നെ ഓങ്കോളജി സേവനങ്ങൾ ലഭ്യമാക്കുവാൻ കഴിയും. തീർച്ചയായും, ചികിത്സ വികേന്ദ്രീകരിക്കാം. ആർ.സി.സി.-യിലോ എം.സി.സി.-യിലോ സി.സി.ആർ.സി.-യിലോ മെഡിക്കൽ കോളേജിലോ കണ്ടതിനുശേഷം, രോഗികളെ ബാക്ക് റെഫർ ചെയ്യും. അത്തരത്തിൽ നടപടികൾ പൂർത്തിയാക്കിയ ശേഷം, എല്ലാ ജില്ലാആശുപത്രികളിലും റേഡിയേഷൻ, കീമോതെറാപ്പി നൽകാനും, അതിനനുസരിച്ചുള്ള തുടർസംവിധാനങ്ങളും സർക്കാർ അവർക്കായി ഒരുക്കിയിട്ടുണ്ട്.

<u>ശ്രീ. പ്രമോദ് നാരായൺ</u>: സർ, പ്രിസിഷൻ മെഡിസിൻ, ഇമ്മ്യൂണോതെറാപ്പി എന്നിവയ്ക്ക് ആധാരമായ ജനറ്റിക് റിസർച്ചിലും ഇന്നലെ പ്രശസ്തമായ പരുമല കാൻസർ ചികിത്സാ സെന്ററിൽ നടന്ന സെമിനാറിൽ ശ്രീ. വി. പി. ഗംഗാധരനെപോലുള്ള വിദഗ്ധരും അതിജീവനത്തിനായി പൊരുതുന്നവർക്കെല്ലാം ആത്മധൈര്യമേകുന്ന അഭിനേത്രി മംമ്ത

മോഹൻദാസും ചൂണ്ടിക്കാണിച്ച ഡാറ്റാ വിനിയോഗം, ക്ലിനിക്കൽ ട്രയൽ എന്നീ കാര്യങ്ങളിലും അന്താരാഷ്ട്ര സഹകരണം ഉറപ്പാക്കാൻ കേരളം സ്വീകരിക്കുന്ന നടപടികൾ വിശദീകരിക്കാമോ?

<u>ശ്രീമതി വീണാ ജോർജ്</u>: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച ജനറ്റിക് ഗവേഷണവുമായി ബന്ധപ്പെട്ട പഠനവും ഗവേഷണവും ആർ.സി.സി.-യിലും മലബാർ കാൻസർ സെന്ററിലും നടക്കുന്നുണ്ട്. കൂടാതെ, ഇതിന്റെ ഭാഗമായി ഒട്ടേറെ പ്രസിദ്ധീകരണങ്ങളും റിപ്പോർട്ടുകളും രണ്ട് കാൻസർ സെന്ററുകളും പബ്ലിഷ് ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തിയ ക്യൂബ സന്ദർശനത്തിന്റെ ഭാഗമായി മലബാർ കാൻസർ സെന്ററും ക്യൂബ ഇൻസ്റ്റിറ്റ്യൂട്ടും കേന്ദ്രീകരിച്ച് ഒരു കമ്മിറ്റി രൂപീകരിച്ചു. ട്രിപ്പിൾ നെഗറ്റീവ് സ്തനാർബുദത്തിനും ലംഗ് കാൻസറിനുമുള്ള വാക്സിൻ ക്യൂബ ഡെവലപ് ചെയ്തു. ഈ സബ് കമ്മിറ്റികളുടെ സഹായത്തോടെ ട്രിപ്പിൾ നെഗറ്റീവ് ബ്രെസ്റ്റ് കാൻസറിനുള്ള മോളിക്യൂൾസ് നൽകിക്കൊണ്ട്, എം.സി.സി. കൂടി ആ ഗവേഷണത്തിന്റെ ഭാഗമായി ചേർന്നുകൊണ്ട് നമുക്കും ഈ വാക്സിൻ വികസിപ്പിക്കാൻ സാധിക്കും. ഗവേഷണങ്ങളുടെ ഭാഗമായിട്ടാണ് ആർ.സി.സി., സി-ഡാക്കുമായി ചേർന്നുകൊണ്ട് സർവീസ്

കാൻ ഡെവലപ് ചെയ്തത്. ഗർഭാശയ കാൻസറിൽ ഒരു സെല്ലുപോലും വിട്ടുപോകാതെ മെക്കാനിസ്ഡായിട്ട് കണ്ടുപിടിക്കുന്നതിനുവേണ്ടിയുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്. ഐക്യരാഷ്ട്രസംഘടന പ്രത്യേകമായി അതിനെ അംഗീകരിച്ചിരുന്നു. കഴിഞ്ഞ മാസം ആർ.സി.സി.-യുടെ സി-ഡാക്കുമായി ചേർന്നുകൊണ്ടുള്ള അപ്സാല സ്വീഡിഷ് യൂണിവേഴ്സിറ്റിയും (Uppsala University) ഇവരുടെ കൂടെയുണ്ട്. കണ്ണിലുണ്ടാകുന്ന ട്യൂമറായ റെറ്റിനോ ബ്ലാസ്റ്റോമ, കണ്ണ് എടുത്തുകളയാതെതന്നെ ട്യൂമർ എവിടെയാണോ അവിടെ കൃത്യമായി ചികിത്സിക്കുന്നതിന് വേണ്ടിയുള്ള സംവിധാനം മലബാർ കാൻസർ സെന്ററിൽ ഡെവലപ് ചെയ്തിട്ടുണ്ട്. ഇന്ത്യയിൽ നാല് ആശുപത്രികളിൽ മാത്രമേ അതുള്ളൂ. ഇവിടെ മലബാർ കാൻസർ സെന്ററിലാണ് ഈ സംവിധാനമുള്ളത്. ഈ കാലഘട്ടത്തിൽ ഗവേഷണത്തിന് മികച്ച പ്രാധാന്യം കൊടുക്കുന്നുണ്ട്. ജനിറ്റിക് മേഖലയുമായി ബന്ധപ്പെട്ട പഠനവും ഗവേഷണവും നടക്കുന്നു. ഒട്ടേറെ ആർട്ടിക്കിൾസും ഇതിന്റെ ഭാഗമായി പബ്ലിഷ് ചെയ്തിട്ടുണ്ട്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, കഴിഞ്ഞ ഇരുപത് വർഷക്കാലത്തെ കണക്കെടുത്തു നോക്കിയാൽ കാൻസർ രോഗികളുടെ

എണ്ണം വർധിച്ചുവരുന്നത് വളരെ ഭയാനകമാണെന്നുള്ളതുമാണ് വിദഗ്ധരുടെ അഭിപ്രായം. ഡോ. വി. പി. ഗംഗാധരനെപോലുള്ള വ്യക്തികൾ ഇതിനെ സപ്പോർട്ട് ചെയ്തുകൊണ്ട് അഭിപ്രായ പ്രകടനം നടത്തിയിട്ടുണ്ട്. കേരളത്തിൽ അങ്ങനെയൊരു സാഹചര്യം ഉണ്ടാകാനുള്ള കാരണമെന്ത്; അത് ശമിപ്പിക്കുന്നതിനായി ദീർഘവീക്ഷണത്തോടെ നടപടികൾ സ്വീകരിക്കാമോ; ചൈൽഡ് കാൻസറാണ് ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. 'കേരള കാൻ' എന്ന ഒരു മൂവ്മെന്റ് അതിനെതിരെ നടക്കുന്നുണ്ട്. ഇൻസ്റ്റിറ്റ്യൂഷനുകളും ഗവൺമെന്റിന് പുറത്തുള്ള സംഘടനകളും കൂടിച്ചേർന്ന് ഒരു മാസ് മൂവ്മെന്റിനെക്കുറിച്ച് ആലോചിക്കുമോ; വിദഗ്ധ ചികിത്സ കൊടുക്കുമോ; തമിഴ്നാടും കേരളവും തമ്മിൽ ചില മരുന്നുകളുടെ വിലയിൽ വ്യതിയാനങ്ങളുണ്ട്. അതുപോലുള്ള കാര്യങ്ങളിലും നിഷ്കർഷകതയോടുകൂടിയ സമീപനം സ്വീകരിക്കുമോ?

<u>ശ്രീമതി വീണാ ജോർജ്</u>: സർ, ഞാനിത് പറഞ്ഞുകഴിഞ്ഞു. ആളുകളെ സ്ക്രീനിങ്ങിലേക്ക് എങ്ങനെ കൊണ്ടുവരുമെന്നത് ആഗോള പൊതുജനാരോഗ്യ പ്രവർത്തകർ അഭിമുഖീകരിച്ച വലിയൊരു പ്രശ്നമാണ്. അതിനുള്ള ഉത്തരം കൂടിയാണ് ഫെബ്രുവരി 4-ാം തീയതി തുടങ്ങി വച്ച ജനകീയ

ക്യാമ്പെയിനിലൂടെ കേരളം കണ്ടെത്തിയിരിക്കുന്നത്. ഇത് കേരളം ലോകത്തിന് നൽകുന്ന സന്ദേശം കൂടിയാണ്. രാഷ്ട്രീയഭേദമില്ലാതെ സ്ത്രീകളുടെ സംഘടനകളും യുവജനസംഘടനകളും സ്ഥാപനങ്ങളും ഈ ക്യാമ്പെയിനിൽ പങ്കെടുക്കുന്നു. സമൂഹത്തിലെ എല്ലാ വിഭാഗങ്ങളും അണിചേരുന്ന 'ആരോഗ്യം ആനന്ദം - അകറ്റാം അർബുദം' എന്നത് പന്ത്രണ്ട് മാസത്തെ ക്യാമ്പെയ്നാണ്. ആദ്യത്തെ ഒരു മാസം പതിമൂന്ന് ലക്ഷത്തിലധികം വനിതകൾ സ്ക്രീൻ ചെയ്യപ്പെട്ടു. കോട്ടയം ജില്ലയിൽ മാത്രം ഏകദേശം അറുപതിനായിരത്തിന് മുകളിൽ സ്ത്രീകൾ സ്ക്രീൻ ചെയ്യപ്പെട്ടു. ആദ്യമാസം സ്ത്രീകൾക്കുവേണ്ടി മാത്രം ഡെഡിക്കേറ്റ് ചെയ്തതാണ്. ബഹുമാനപ്പെട്ട അംഗം കോട്ടയം ജില്ലയിൽ നിന്നുള്ള ജനപ്രതിനിധിയായതുകൊണ്ടുകൂടിയാണ് ഇതിവിടെ പറഞ്ഞത്. അവിടെ 'കോട്ടയം കാൻ' എന്ന പ്രത്യേക പരിപാടി നടക്കുന്നുണ്ട്. ഓരോ ജില്ല കേന്ദ്രീകരിച്ചും ഇത്തരത്തിലുള്ള പരിപാടികൾ നടക്കുന്നുണ്ട്. ഇതൊരു മാസ് മൂവ്മെന്റാണ്. ഇങ്ങനെയൊരു മാസ് മൂവ്മെന്റ് നടന്നതിന്റെ ഭാഗമായാണ് എച്ച്.പി.വി. വാക്സിന്റെ കാര്യത്തിൽ നമുക്ക് പിന്തുണ ലഭിക്കുന്നത്. മരുന്നിന്റെ കാര്യം ഞാൻ പറഞ്ഞു, കാരുണ്യ സ്പർശം പദ്ധതി പ്രകാരം

ആരോഗ്യ പരിരക്ഷയ്ക്ക് പുറത്തുള്ളവർക്ക് ഏറ്റവും കുറഞ്ഞ നിരക്കിൽ മരുന്നുകൾ ലഭ്യമാക്കുന്നു. ഒരു ലക്ഷത്തിപതിനായിരം രൂപയുടെ മരുന്ന് പന്ത്രണ്ടായിരം രൂപയ്ക്ക് സർക്കാർ സാധ്യമാക്കി. അത് കൂടുതൽ വിപുലീകരിക്കുന്നതിനും സർക്കാർ ആലോചിക്കുന്നുണ്ട്. പീഡിയാട്രിക് ഓങ്കോളജിയുമായി ബന്ധപ്പെട്ട് ഞാനിവിടെ നേരത്തേ പരാമർശിച്ചിട്ടുണ്ട്.

## പാതിവില തട്ടിപ്പിലെ ക്രൈംബ്രാഞ്ച് അന്വേഷണം

2 (*302) ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാതിവില തട്ടിപ്പിലെ മുഖ്യപ്രതി അനന്തകൃഷ്ണനുമായി ബന്ധപ്പെട്ട് ക്രൈംബ്രാഞ്ച് നടത്തിവരുന്ന അന്വേഷണത്തിന്റെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ക്രൈംബ്രാഞ്ച് കണ്ടെത്തിയ പ്രാഥമിക വിവരങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(സി) അനന്തകൃഷ്ണൻ നേരിട്ട് നടത്തിയ ഇടപെടലുകളിലൂടെ എത്രപേർക്കാണ് ഇരുചക്ര വാഹനങ്ങൾ ഓഫർ ചെയ്തിരുന്നതെന്നും അതിലൂടെ എത്ര തുക കൈപ്പറ്റിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ഡി) തട്ടിപ്പുമായി ബന്ധപ്പെട്ട് രണ്ട് വർഷത്തിനിടയിൽ പ്രതി നടത്തിയിട്ടുള്ള ബാങ്കിടപാടുകൾ അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

(ഇ) പ്രതിയുടെ സ്വത്തുക്കൾ കണ്ടെത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, (എ) സംസ്ഥാനത്ത് നിരവധിപേരെ വാഗ്ദാനം നൽകി കബളിപ്പിച്ച 'പാതിവില' തട്ടിപ്പുമായി ബന്ധപ്പെട്ട് 12-03-2025 വരെ 1343 കേസുകൾ പോലീസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 665 കേസുകൾ ക്രൈം ബ്രാഞ്ചിന് കൈമാറാൻ തീരുമാനിച്ചിട്ടുണ്ട്. എറണാകുളം ക്രൈം ബ്രാഞ്ച് പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിലുള്ള പ്രത്യേക അന്വേഷണ സംഘമാണ് കേസുകൾ അന്വേഷിക്കുന്നത്. ക്രൈം ബ്രാഞ്ച് എ.ഡി.ജി.പി.-ക്കാണ് അന്വേഷണത്തിന്റെ മേൽനോട്ട ചുമതല. മുഖ്യപ്രതിയുടെ ബാങ്ക്

അക്കൗണ്ടുകൾ കണ്ടെത്തി മരവിപ്പിച്ചും വിവിധ കേസുകളിൽ ഉൾപ്പെട്ട രേഖകൾ പിടിച്ചെടുത്തും ക്രൈംബ്രാഞ്ച് അന്വേഷണം നല്ല രീതിയിൽ പുരോഗമിച്ചുവരുന്നുണ്ട്. തട്ടിപ്പിന്റെ പ്രധാന സൂത്രധാരനായ അനന്തുകൃഷ്ണൻ, രവി പന്നക്കൽ, ബഷീർ പി.പി., റിയാസ്, മുഹമ്മദ് ഷാഫി, ആനന്ദകുമാർ എന്നിവരെ ഇതിനകം അറസ്റ്റ് ചെയ്തിട്ടുണ്ട്.

(ബി) അന്വേഷണം ആരംഭിച്ച 386 കേസുകളിലെ കണ്ടെത്തലുകൾ പ്രകാരം :-

(1) പകുതി വിലയ്ക്ക് സ്കൂട്ടർ നൽകാമെന്ന് വാഗ്ദാനം നൽകി 48386 പേരിൽ നിന്നും 281,43,34,000/- (ഇരുന്നൂറ്റി എൺപത്തി ഒന്നു കോടി നാല്പത്തി മൂന്നു ലക്ഷത്തി മുപ്പത്തി നാലായിരം) രൂപ വാങ്ങിയതിൽ 16438 പേർക്ക് മാത്രമാണ് സ്കൂട്ടർ നൽകിയത്.

(2) ഇപ്രകാരം ലാപ്ടോപ്പ് വാഗ്ദാനം ചെയ്ത് 36891 പേരിൽനിന്ന് 9,22,27,500/- (ഒൻപത് കോടി ഇരുപത്തിരണ്ട് ലക്ഷത്തി ഇരുപത്തിയേഴായിരത്തി അഞ്ഞൂറ്) രൂപ വാങ്ങിയതിൽ 29897 പേർക്ക് മാത്രമാണ് ലാപ്ടോപ്പ് നൽകിയത്.

(3) സമാനമായി തയ്യൽ മെഷീൻ വാഗ്ദാനം നൽകി 56082 പേരിൽ നിന്ന് 23,24,27,200/- (ഇരുപത്തിമൂന്ന് കോടി ഇരുപത്തിനാല് ലക്ഷത്തി ഇരുപത്തിയേഴായിരത്തി ഇരുന്നൂറ്) രൂപ വാങ്ങിയതിൽ 53478 പേർക്കാണ് മെഷീൻ ലഭിച്ചത്.

(4) 279 കേസുകളുടെ ക്രൈം ബ്രാഞ്ച് അന്വേഷണം ആരംഭ ഘട്ടത്തിലാണ്.

(സി) ഇരുചക്ര വാഹനങ്ങൾ നൽകാമെന്ന് വാഗ്ദാനം നൽകി 49386 പേരിൽനിന്നും 281,43,34,000/- (ഇരുന്നൂറ്റി എൺപത്തി ഒന്നു കോടി നാല്പത്തി മൂന്നു ലക്ഷത്തി മുപ്പത്തിനാലായിരം) രൂപ കൈപ്പറ്റിയതായാണ് ഇതുവരെ കണ്ടെത്തിയത്.

(ഡി) പ്രതിയുടെയും പ്രതിയുടെ സ്ഥാപനങ്ങളുടേതുമായി 23 ബാങ്ക് അക്കൗണ്ടുകൾ കണ്ടെത്തിയിട്ടുണ്ട്.

(ഇ) ഉണ്ട്. മൂന്ന് ഭൂസ്വത്തുക്കൾ അറ്റാച്ച് ചെയ്യുന്നതിനുള്ള കോടതി നടപടികൾ ആരംഭിച്ചിട്ടുണ്ട്.

<u>ശ്രീ. മുരളി പെരുനെല്ലി</u>: സർ, സൗജന്യ നിരക്കിൽ എന്തെങ്കിലും നൽകാമെന്ന് മോഹിപ്പിച്ചാൽ ആ വലയിൽ വീഴുന്നവരുടെ എണ്ണം

കൂടിവരുന്ന ഒരു കാലഘട്ടമാണിത്. 'പാതിവില തട്ടിപ്പ്' സംഘടിതമായൊരു കൊള്ളയാണെന്നുള്ള കാര്യം തർക്കരഹിതമായ കാര്യമാണ്. ഇത്തരം കൊള്ളക്കാർക്ക് കേരളത്തിൽ സ്ഥാനമില്ലെന്ന് ഉറക്കെ പ്രഖ്യാപിച്ചുകൊണ്ട് അവർക്കെതിരെ കർക്കശ നടപടിയെടുത്തുകൊണ്ടാണ് ഇടതുപക്ഷ സർക്കാരും അതിന് നേതൃത്വം കൊടുക്കുന്ന മുഖ്യമന്ത്രിയും അടക്കമുള്ളവർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. പാതിവില തട്ടിപ്പ് ആസൂത്രകർ, നേരിട്ട് തട്ടിപ്പിൽ ഇടപെട്ടവർ, ഇടനിലക്കാരായിനിന്ന ഏജൻസികൾ, സ്ഥാപനങ്ങൾ എന്നിവയുടെ വിശദാംശങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; ഇതിൽ ആരെയെങ്കിലും അറസ്റ്റ് ചെയ്ത് അവരുടെ സ്വത്ത് മരവിപ്പിച്ച് ഗുണഭോക്താക്കൾക്ക് പണം നൽകാനാവശ്യമായ നടപടിയെടുക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇതുമായി ബന്ധപ്പെട്ട ഒട്ടേറെ വിവരങ്ങൾ ഇപ്പോൾ പുറത്തുവന്നിട്ടുണ്ട്. അന്വേഷണ ഘട്ടത്തിൽ ഇനിയും പുറത്തുവരേണ്ടതായിട്ടുണ്ടാകും. സോഷ്യോ-എക്കണോമിക് ആന്റ് എൻവെയോൺമെന്റൽ ഡെവലപ്മെന്റ് സൊസൈറ്റി എന്നൊരു സംഘടന വഴിയും എൻ.ജി.ഒ. കോൺഫെഡറേഷൻ മുഖേനയുമാണ് പാതിവില തട്ടിപ്പ്

നടത്തിയത്. ആനന്ദ കുമാർ ചെയർമാനും അനന്തകൃഷ്ണൻ കോ-ഓർഡിനേറ്ററുമായാണ് സീഡ് സൊസൈറ്റികളും കോൺഫെഡറേഷനുകളും രൂപീകരിച്ചത്. പ്രമുഖ വ്യക്തികളോടൊപ്പം നിൽക്കുന്ന ഫോട്ടോകൾ സമൂഹമാധ്യമത്തിലൂടെ പ്രചരിപ്പിച്ച് ജനങ്ങളുടെ വിശ്വാസ്യത നേടിയായിരുന്നു തട്ടിപ്പ്. സി.എസ്.ആർ. ഫണ്ടുപയോഗിച്ച് സ്കൂട്ടർ ഉൾപ്പെടെയുള്ളവ നൽകാമെന്നായിരുന്നു വാഗ്ദാനം. കേന്ദ്ര ഫണ്ട് ലഭിക്കുമെന്ന ധാരണ പരത്താനും ഇവർക്ക് കഴിഞ്ഞിട്ടുണ്ട്. വിശ്വാസ്യത ആർജിക്കുന്നതിനായി വിവിധ സ്ഥലങ്ങളിൽ കോ-ഓർഡിനേറ്റർമാരെയും ഫീൽഡ് സ്റ്റാഫുകളെയും നിയമിച്ചാണ് ഗുണഭോക്താക്കളെ ആകർഷിച്ചത്. ഇതിന് കോ-ഓർഡിനേറ്റർമാർക്ക് കമ്മീഷൻ നൽകിയിരുന്നതായും വിവരമുണ്ട്. ആദ്യ ഘട്ടത്തിൽ പദ്ധതിയിൽചേർന്ന മുഴുവൻ സ്ത്രീകൾക്കും പകുതി വിലയ്ക്ക് സ്കൂട്ടറുകൾ നൽകി. അതിനെ തുടർന്ന് വിശ്വാസ്യത കൂടുകയും നിരവധി പേർ പദ്ധതിയിൽ ആകൃഷ്ടരാവുകയും ചെയ്തു. പിന്നീട് പദ്ധതിയിൽ ചേർന്നവർക്ക് സ്കൂട്ടർ ഉൾപ്പെടെയുള്ളവ ലഭിക്കാതെവന്നു. തുടർന്നാണ് ഇത് സംബന്ധിച്ച പരാതികൾ ലഭിച്ചുതുടങ്ങിയത്.

ശ്രീ. മുരളി പെരുനെല്ലി: സർ, രാഷ്ട്രീയ നേതാക്കളാരെങ്കിലും ഈ തട്ടിപ്പിൽ പങ്കാളിയായിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇതെല്ലാം അന്വേഷണത്തിലിരിക്കുന്ന സമയമാണിപ്പോൾ. വിശദമായ അന്വേഷണത്തിനുശേഷം മാത്രമേ ആർക്കൊക്കെ ഇതിൽ പങ്കാളിത്തം ഉണ്ടെന്ന് പറയാൻ സാധിക്കൂ. ഇപ്പോൾ പങ്കാളിത്തം ഉണ്ടായ ആളുകളെക്കുറിച്ച് ചോദ്യത്തിന്റെ ഭാഗമായി ഞാൻ നേരത്തേ മറുപടി പറഞ്ഞിട്ടുണ്ട്.

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, തട്ടിപ്പ് സംഘങ്ങളെയും ലഹരി മാഫിയകളെയും പിടിച്ചുകെട്ടുന്നതിൽ കേരളം മാതൃകാപരമായ നടപടികളാണ് സ്വീകരിച്ചുവരുന്നത്. പാതിവില തട്ടിപ്പിൽ ഏറ്റവും കൂടുതൽ കുടുങ്ങിക്കിടക്കുന്നത് സാധാരണക്കാരായ ആളുകളാണ്. തട്ടിപ്പാണെന്ന് മനസ്സിലാക്കാൻപോലും അവർക്ക് സാധിക്കുന്നില്ല. ഇതിന് ഇരകളായിട്ടുള്ളവർക്ക് നഷ്ടപ്പെട്ട പണം വേഗത്തിൽ തിരിച്ച് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ കഴിയുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇരകളായവരുടെ താത്പര്യത്തിനൊപ്പം തന്നെയാണ് സർക്കാർ. പക്ഷെ നിയമപരമായ നടപടികൾ പൂർത്തിയാക്കി മാത്രമേ മറ്റ് നടപടികളിലേക്ക് കടക്കാൻ കഴിയൂ.

ശ്രീമതി ദെലീമ: സർ, പാതിവിലത്തട്ടിപ്പ് നടത്തിയ കൊള്ളക്കാർക്കെതിരെ സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടിയെ ഞാൻ അഭിനന്ദിക്കുകയാണ്. അരൂർ മണ്ഡലത്തിലെ ആളുകളാണ് തട്ടിപ്പിന് കൂടുതലായി ഇരയായതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. എന്നാൽ, രണ്ട് മൂന്ന് എഫ്.ഐ.ആർ. മാത്രമാണ് ഇത് സംബന്ധിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ളത്. എഫ്.ഐ.ആർ. ഇട്ട കേസുകൾ പിൻവലിച്ചാൽ തട്ടിപ്പിനിരയായ ആയിരക്കണക്കിന് ആളുകളെ അത് ബാധിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഈ തട്ടിപ്പിന് ഇരയായവർ എല്ലാ സ്ഥലത്തും വലിയ തോതിൽ ഉണ്ട്. ഓരോ പ്രദേശത്തും അവിടെയാണ് കൂടുതൽ എന്നുതോന്നുന്നതാണ്. വലിയ സംഖ്യയാണ് ഇതിന്റെ ഭാഗമായി വന്നിട്ടുള്ളത്. എല്ലാ കാര്യത്തിലും ശക്തമായ നടപടികളാണ് സ്വീകരിച്ചുവരുന്നത്. പോലീസ് ആദ്യം അന്വേഷിക്കുകയും ക്രൈം ബ്രാഞ്ചിന് കൈമാറുകയും ചെയ്യുന്ന രീതിയാണ് സ്വീകരിക്കുന്നത്.

<u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: സർ, ഇതുപോലെ തട്ടിപ്പ് നടത്തുന്ന സംഘങ്ങൾ ചില്ലറക്കാരല്ല. സംസ്ഥാന-ദേശീയ-അന്തർദേശീയ ബന്ധങ്ങളൊക്കെ തട്ടിപ്പ് സംഘങ്ങൾക്കുണ്ട്. അക്കൗണ്ട് ഹോൾഡർ അറിയാതെ ബാങ്കിൽനിന്നും പണം പിൻവലിക്കുക, വിസ തട്ടിപ്പ്, ജോലി വാഗ്ദാനം ചെയ്ത് തട്ടിപ്പ് തുടങ്ങി നാട്ടിൻപുറങ്ങളിലും നഗരപ്രദേശങ്ങളിലുമൊക്കെ ഇതുപോലെ ഒട്ടനവധി തട്ടിപ്പുകൾ നടക്കുകയാണ്. നൂതനമായ സാങ്കേതികവിദ്യയിലൂടെ മാത്രമേ ഇതൊക്കെ കണ്ടെത്താൻ സാധിക്കുകയുള്ളൂ. അതുകൊണ്ട്, നമ്മുടെ ഇന്റലിജൻസ് വിഭാഗം ശക്തിപ്പെടുത്തി അവർക്കതിനാവശ്യമായ പരിശീലനം കൊടുക്കാൻ സർക്കാർ തയ്യാറാകുമോ?

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, തീർച്ചയായും ഇത്തരം കാര്യങ്ങളിൽ ഗൗരവമായ നിലപാടുതന്നെയാണ് പൊതുവേ അന്വേഷണ ഏജൻസികൾ സ്വീകരിക്കുന്നത്. കേരളത്തിൽ ഇത്തരം കാര്യങ്ങളുമായി ബന്ധപ്പെട്ട് പലതരത്തിലുള്ള മുന്നറിയിപ്പുകൾ വിവിധ ഏജൻസികൾ നൽകാറുണ്ട് എന്നുള്ളതാണ് വസ്തുത. പക്ഷെ, നിയമപരമായ ഒരു ഘട്ടം വരുമ്പോൾ മാത്രമാണ് അതിൽ ഇടപെടാൻ കഴിയുന്നത്. നിയമവശംകൂടി

നോക്കേണ്ടതായിട്ടുണ്ടല്ലോ; എന്നാൽ ഇത്തരത്തിലുള്ള ചില കാര്യങ്ങൾ നടക്കുന്നുണ്ടെന്ന് സംശയിക്കേണ്ടതും അത് കൂടുതലായി നിരീക്ഷിക്കേണ്ടതാണെന്നുമുള്ള റിപ്പോർട്ടുകൾ പലപ്പോഴും വരാറുണ്ട്. അതിന്റെ ഭാഗമായുള്ള നടപടികളും നല്ല ഫലം ചെയ്യാറുണ്ട്. ചില തട്ടിപ്പുകാരെ നമുക്ക് കണ്ടെത്താനും പിടികൂടാനുമൊക്കെ കഴിഞ്ഞത് അതിന്റെ ഭാഗമായിട്ടാണ്. അത്തരം നടപടികൾ തുടർന്നുപോകുന്നുണ്ട്. പക്ഷെ, ഒരു ഭാഗം നമ്മുടെ സമൂഹം പൊതുവെ ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്. ഇത്തരം തട്ടിപ്പുകാർ നൽകുന്ന മോഹന വാഗ്ദാങ്ങളിൽ കുടുങ്ങി തത്കാലം ചില്ലറ ലാഭം ലഭിക്കട്ടെ എന്ന മട്ടിൽ അതിന്റെകൂടെ ചേരുമ്പോൾ ആണ് തട്ടിപ്പിന് പ്രോത്സാഹനമായിട്ട് മാറുന്നത്. അതാണ് ഇത്തരം ആളുകൾക്ക് അവസരമൊരുക്കുന്നത്. കോടിക്കണക്കിന് രൂപ ഇതിന്റെ ഭാഗമായി തട്ടിപ്പ് നടന്നു. ആയിരക്കണക്കിന് ആളുകളാണ് ഇതിന്റ ഭാഗമായി മാറിയത്. അത്തരത്തിലുള്ള മോഹന വാഗ്ദാനങ്ങളിൽ കുടുങ്ങാതിരിക്കുന്നതിനുള്ള ഒരു കരുതൽ നമ്മുടെ സമൂഹത്തിനുണ്ടാക്കാൻ നമ്മളെല്ലാവരും ശ്രദ്ധിക്കേണ്ടതുണ്ട്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉത്തരം പറഞ്ഞപ്പോൾ വളരെ ശരിയായൊരു കാര്യമാണ് പറഞ്ഞത്. നമ്മൾ അതിബുദ്ധിമാന്മാരാണ്, മിടുക്കന്മാരാണ് എന്നൊക്കെയാണ് മലയാളികളുടെ പൊതുവായ ധാരണ. പക്ഷെ, ഇന്ത്യയിൽ ഏറ്റവും കൂടുതൽ കബളിപ്പിക്കപ്പെടാൻ സാധ്യതയുള്ള ആളുകൾ മലയാളികളാണെന്നാണ് എനിക്ക് തോന്നുന്നത്. ഏറ്റവും കൂടുതൽ കബളിപ്പിക്കപ്പെടുന്ന ആളുകളും മലയാളികളാണ്. ഒരു കോടി രൂപ നിക്ഷേപിച്ചാൽ മാസം 12 ലക്ഷം രൂപ അതായത് 12% പലിശ കൊടുക്കാം എന്നു പറഞ്ഞാൽ ഉടനെ പണം നിക്ഷേപിക്കുകയാണ്. ഒരു മാസം 12% ആയാൽ ഒരു വർഷത്തെ പലിശ 244% ആയി. 244% പലിശ ഏത് സ്ഥാപനത്തിന് കൊടുക്കാൻ കഴിയും? കൊടുക്കാൻ കഴിയില്ല. പക്ഷെ, ഇതുപോലെയുള്ള വ്യാപകമായ തട്ടിപ്പുകൾ, അതായത് ഫോണിൽക്കൂടിയുള്ള തട്ടിപ്പുകൾ, ക്രെഡിറ്റ് കാർഡ് വഴിയുള്ള തട്ടിപ്പുകൾ....പണമുണ്ടാക്കാനുള്ള അമിതമായ ആഗ്രഹമാണ് ഇത്തരം തട്ടിപ്പുകാർക്ക് കേരളം വളമായി മാറുന്നതെന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, തീർച്ചയായും ഇത് തന്നെയാണ് വലിയ പ്രശ്നം. അങ്ങ് അതിന്റെ യഥാർത്ഥവശം തന്നെയാണ് ചൂണ്ടിക്കാണിച്ചത്. ഇക്കാര്യത്തിൽ പൊതുസമൂഹത്തെ ബോധവത്കരിക്കുക എന്നത് വളരെ പ്രധാനമാണ്. 'എന്നെയൊന്ന് പറ്റിച്ചോളൂ' എന്ന് പറഞ്ഞ് അങ്ങോട്ട് പോയി പറ്റിക്കപ്പെടലിന് നിന്നുകൊടുക്കുന്ന എന്ന അവസ്ഥ ഉണ്ടാകാതിരിക്കേണ്ടത് ഏറ്റവും പ്രധാനമാണ്.

ശ്രീ. അൻവർ സാദത്ത്: സർ, ഒരു ക്രൈം നടക്കുന്നതിനുമുമ്പ് അത് തടയുകയോ അല്ലെങ്കിൽ പ്രതികളെ പിടികൂടുകയോ ചെയ്യുന്നതിനെയാണ് യഥാർഥ പോലീസിംഗ് എന്നുപറയുന്നത്. നമ്മുടെ സംസ്ഥാനത്ത് മികച്ച ഇന്റലിജൻസ് വിഭാഗവും സ്പെഷ്യൽ ബ്രാഞ്ച് വിഭാഗവുമുണ്ട്. ബഹുമാന്യരായ മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും ഇവിടെ സൂചിപ്പിച്ചപോലെ ധാരാളം തട്ടിപ്പുകൾ കേരളത്തിൽ നടക്കുന്നുണ്ട്. എത്രപറഞ്ഞാലും പഠിക്കില്ലെന്ന് നമ്മൾതന്നെ മലയാളികളെക്കുറിച്ച് പറയാറുണ്ട്, അതുതന്നെയാണ് ഇവിടെ സംഭവിച്ചുകൊണ്ടിരിക്കുന്നത്. ചർച്ചയിൽ സൂചിപ്പിച്ചപോലെ തട്ടിപ്പിന് സാധ്യതയുള്ള പദ്ധതികളെക്കുറിച്ച് അറിയിപ്പ് ലഭിക്കുമ്പോൾത്തന്നെ അക്കാര്യങ്ങൾ നിരീക്ഷിച്ച് കണ്ടുപിടിച്ച് തടയുന്നതിനോ ജനങ്ങൾ കൂടുതൽ

അപകടത്തിൽച്ചെന്ന് ചാടാതിരിക്കുന്നതിനുള്ള മുന്നറിയിപ്പ് നൽകുന്നതിനോ ഇന്റലിജൻസ്, സ്പെഷ്യൽ ബ്രാഞ്ച് വിഭാഗങ്ങളുൾപ്പെടെയുള്ള സംവിധാനങ്ങൾക്ക് സാധിക്കാത്തത് എന്തുകൊണ്ടാണ്; പോലീസിലെ ഈ വിഭാഗങ്ങൾക്ക് കൂടുതൽ ഉണർവേകിക്കൊണ്ട് ഏറ്റവും കാര്യക്ഷമമായി പ്രവർത്തിക്കുന്നതിന് നിർദേശം നൽകുകയും ഗവൺമെന്റ് അതിനായുള്ള സംവിധാനമൊരുക്കുകയും ചെയ്യുമോ?

ശ്രീ. പിണറായി വിജയൻ: സർ, ബഹുമാനപ്പെട്ട അംഗം നിരന്തരം ബന്ധപ്പെടുന്ന ഒരു പോലീസ് സൂപ്രണ്ടാണ് പ്രസ്തുത വിഷയത്തിൽ സംശയകരമായ കാര്യമുണ്ടെന്ന് ആദ്യമായി എന്നോട് സൂചിപ്പിക്കുന്നത്. അതായത്, ഇത്തരം വിഷയങ്ങളിൽ പോലീസ് സംവിധാനങ്ങൾ ആവശ്യമായ കരുതൽ സ്വീകരിക്കുന്നുണ്ട്. എന്നാൽ നടപടികളിലേക്ക് കടക്കണമെങ്കിൽ അതുമായി ബന്ധപ്പെട്ട നിയമപരമായ വശങ്ങൾകൂടി കണക്കിലെടുക്കേണ്ടതുണ്ട്. ഇത്തരത്തിൽ ഒരു കാര്യം നടക്കുന്നുണ്ടെന്നും, ബഹുമാനപ്പെട്ട അംഗത്തിന്റെ നിയോജകമണ്ഡലം ഉൾക്കൊള്ളുന്ന ഭാഗമുൾപ്പെടെയുള്ള സ്ഥലത്താണ് ഈ തട്ടിപ്പ് നടക്കുന്നതെന്നും ടി ഉദ്യോഗസ്ഥൻ എന്നോട് ആദ്യമേതന്നെ സൂചിപ്പിച്ചു, അവർ കാര്യങ്ങൾ

നിരീക്ഷിച്ചുകൊണ്ടിരിക്കുകയാണെന്നും പറഞ്ഞു. അതായത് അവർ കാര്യങ്ങൾ നിരീക്ഷിക്കുന്നുണ്ടെങ്കിലും പെട്ടെന്നുള്ള ഇടപെടലിന് നിയമപരമായ പരിമിതികൾ ഉണ്ടെന്നതാണ് വസ്തുത.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഇക്കാര്യത്തിൽ സഭയിലെ എല്ലാവരും സംസാരിച്ചത് ഒരേ മനസ്സോടെയാണ്. ഒരു തട്ടിപ്പ് സംഭവമുണ്ടായതായി അറിഞ്ഞാലും വീണ്ടും ശ്രദ്ധിക്കാതെ മലയാളികൾ ആവർത്തിച്ച് തട്ടിപ്പിന് വിധേയമായിക്കൊണ്ടിരിക്കുന്ന സ്ഥിതിയാണുള്ളത്, ഇത് നിരന്തര സംഭവമായി മാറിക്കൊണ്ടിരിക്കുകയാണ്. ഇത്തരം സംരംഭങ്ങൾ ആരംഭിക്കുമ്പോൾ നേരത്തെ ഇവിടെ സൂചിപ്പിച്ചപോലെ, അതിന്റെ ഒരു സ്വഭാവം പരിശോധിക്കാനും മനസ്സിലാക്കാനും നമ്മുടെ ഇന്റലിജൻസ് സംവിധാനത്തിന് കഴിയേണ്ടതുണ്ട്. നമ്മുടെ സംസ്ഥാനത്ത് ധാരാളം ധനകാര്യ സ്ഥാപനങ്ങൾ നിലവിൽ വരികയും അവർ പുതിയ തരത്തിലുള്ള വാഗ്ദാനങ്ങൾ നൽകുകയും ചെയ്യുന്നത് സാധാരണമായിട്ടുണ്ടെന്നതിനാൽത്തന്നെ അതിന്റെ പശ്ചാത്തലം പരിശോധിക്കാനും ഇത്തരം വിഷയങ്ങളിൽ കൂടുതൽ ആളുകൾ അകപ്പെടാതിരിക്കാനുമായി, പകുതിവിലത്തട്ടിപ്പിന്റെ പശ്ചാത്തലത്തിൽ

ഇന്റലിജൻസിന്റെ ഒരു പ്രത്യേക വിഭാഗത്തെ പോലീസിന്റെ ഭാഗമായി നിയമിക്കുന്നതിന് സർക്കാർ സന്നദ്ധമാകുമോ?

ശ്രീ. പിണറായി വിജയൻ: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് ആവർത്തിച്ചുവരുന്ന ഒരു സംശയമാണ്. തട്ടിപ്പിന്റെ വൈപുല്യംകൊണ്ടാണ് ഇങ്ങനെയുള്ള സംശയങ്ങൾ ഉയരുന്നത്. എന്നാൽ പോലീസ് സംവിധാനത്തിനും ഇക്കാര്യത്തിൽ പരിമിതിയുണ്ടെന്നതാണ് യാഥാർത്ഥ്യം. കൂടുതൽ വാഗ്ദാനം നൽകുന്ന ഒരു സ്ഥാപനം/ഒരു വ്യക്തിയുമായി ബന്ധപ്പെട്ട ഒരു പ്രശ്നത്തെക്കുറിച്ച് ഉയർന്ന റാങ്കിലുള്ള പോലീസ് ഓഫീസർമാർ എന്നോട് ചർച്ചചെയ്ത കാര്യം ഞാൻ ഇപ്പോൾ ഓർക്കുകയാണ്. എന്നാൽ ഇത്തരം കാര്യങ്ങൾ അറിഞ്ഞയുടനെ അവർക്ക് നടപടി സ്വീകരിക്കാൻ കഴിയില്ല. ഒരു നിയമനടപടി സ്വീകരിക്കണമെങ്കിൽ ഒരു ക്രൈം നടന്നിരിക്കണം. നിങ്ങൾ തട്ടിപ്പ് നടത്താൻ ഇടയുണ്ടെന്ന് പറഞ്ഞുകൊണ്ട് ആർക്കെതിരെയും കേസ് എടുക്കാൻ സാധിക്കില്ല. അങ്ങനെ വന്നാൽ ശരിയല്ലാത്ത ഒരു നടപടിയായി അത് മാറില്ലേ? എന്നിരുന്നാലും മേൽസൂചിപ്പിച്ചതുപോലുള്ള കാര്യങ്ങൾ പോലീസ് സംവിധാനങ്ങൾ ശ്രദ്ധിക്കുന്ന അവസ്ഥ തീർച്ചയായും നിലവിലുണ്ട്.

<u>ശ്രീ. ജി. എസ്. ജയലാൽ</u>: സർ, ലാഭം വാഗ്ദാനം ചെയ്യുക എന്നതുമാത്രമല്ല ഇവിടെ നടക്കുന്നത്; ചാരിറ്റിയുടെ മറവിൽ വൻതോതിൽ ഭൂമി വാങ്ങിക്കൊടുക്കുന്നതുൾപ്പെടെയുള്ള പ്രവർത്തനങ്ങളുടെ മറവിലും തട്ടിപ്പ് നടക്കുന്നുണ്ട്. അത്തരത്തിലുള്ള ചിന്തകൾകൂടി കേരളത്തിൽ വളർന്നുവരുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ വിഷയങ്ങളിൽ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ചാരിറ്റി പ്രവർത്തനങ്ങൾ വളരെ നല്ലരീതിയിൽ നടക്കുന്നൊരു സംസ്ഥാനമാണ് കേരളം. അവയിൽ മഹാഭൂരിപക്ഷവും സദുദ്ദേശ്യത്തോടെയും അർപ്പണബോധത്തോടെയും നടക്കുന്ന പ്രവർത്തനങ്ങളാണ്. ആ കൂട്ടത്തിൽ ഇവിടെ സൂചിപ്പിച്ചപോലുള്ള കാര്യങ്ങളുണ്ടെങ്കിൽ പ്രത്യേകം പരിശോധിക്കാം.

<u>ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ</u>: സർ, വിദേശ രാജ്യങ്ങളിലേയ്ക്ക് പഠിക്കാനും ജോലിക്കുമായി പോകാൻ ആഗ്രഹിക്കുന്ന ധാരാളം ചെറുപ്പക്കാർ ഇവിടെയുണ്ട്. ഇത്തരം യുവാക്കളെ സാമ്പത്തികമായി വലിയ രീതിയിൽ ചൂഷണം ചെയ്യുന്ന ചെറുതും വലുതുമായ സംഘങ്ങൾ നമ്മുടെ നാട്ടിൽ പ്രവർത്തിക്കുന്നുണ്ട്. പറ്റിക്കപ്പെട്ടശേഷം പ്രതിരോധിക്കുക എന്നതിനപ്പുറം

പഠനം, ജോലി എന്നിവയ്ക്കായി ആശ്രയിക്കുന്ന വിദേശ സ്ഥാപനങ്ങളുടെ ആധികാരികതയെക്കുറിച്ച് പഠനംനടത്തി വിവരങ്ങൾ നൽകുന്നതിനുള്ളൊരു പ്രത്യേക സംവിധാനത്തെക്കുറിച്ച് സർക്കാർ ആലോചിക്കുന്നുണ്ടോ; ഇത്തരം തട്ടിപ്പുകളെ പ്രതിരോധിക്കാൻ സാധിക്കുമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഇത് ഒരു പൊതുവായ പ്രശ്നമാണ്. ഒരു മേശയും നാല് കസേരയുമുണ്ടായാൽ അത് പ്രധാനപ്പെട്ടൊരു സ്ഥാപനമാണെന്ന് പരസ്യം നൽകുന്ന ചില വിദേശ സ്ഥാപനങ്ങളുണ്ട്. ഏതൊക്കെയാണ് ഈ സ്ഥാപനങ്ങളെന്ന് മനസ്സിലാകാതെ വിദേശരാജ്യത്ത് എത്തിക്കഴിയുമ്പോഴാണ് വലയിൽ കുടുങ്ങിയെന്നും ഇവിടെ മറ്റൊരു സംവിധാനവുമില്ലെന്നും മനസ്സിലാക്കുന്നത്. അത്തരം പ്രശ്നങ്ങൾ വൻതോതിൽ ഇപ്പോൾ ഉയർന്നുവരുന്നുണ്ട്. ഏതായാലും അത്തരം അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ എന്തൊക്കെ ചെയ്യാൻ കഴിയുമെന്ന കാര്യം വളരെ ഗൗരവമായിത്തന്നെ ആലോചിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

## ബ്ലോക്ക് ഇന്നവേഷൻ ക്ലസ്റ്ററുകളുടെ രൂപീകരണം

3(*303) ശ്രീ. ഡി. കെ. മുരളി:
ശ്രീ. പി. മമ്മിക്കുട്ടി ചുമതലപ്പെടുത്തിയതുപ്രകാരം
(ശ്രീ. സി. കെ. ഹരീന്ദ്രൻ):
ശ്രീ. കെ. യു. ജനീഷ് കുമാർ ചുമതലപ്പെടുത്തിയതുപ്രകാരം
(ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ):
ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വിജ്ഞാന സമൂഹ സൃഷ്ടിക്കായി ബ്ലോക്ക് ഇന്നവേഷൻ ക്ലസ്റ്റർ രൂപീകരിച്ചിട്ടുണ്ടോ;

(ബി) പ്രാദേശിക വികസന പ്രശ്നങ്ങൾ പരിഹരിച്ച് സമഗ്ര ആവാസ വ്യവസ്ഥയൊരുക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുന്നതിന് പ്രസ്തുത ക്ലസ്റ്ററുകൾ വഴി സാധ്യമാകുമോ; വ്യക്തമാക്കുമോ;

(സി) ആദ്യഘട്ടത്തിൽ ഇന്നവേഷൻ ക്ലസ്റ്ററുകൾ എവിടെയെല്ലാമാണ് ആരംഭിക്കാൻ കഴിഞ്ഞതെന്ന് അറിയിക്കുമോ;

(ഡി) പ്രസ്തുത ക്ലസ്റ്ററുകൾവഴിയുള്ള നൂതനാശയ രൂപീകരണ

പ്രക്രിയയിലൂടെ തദ്ദേശീയ വികസന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്തെല്ലാം പ്രവർത്തനങ്ങളാണ് സംഘടിപ്പിച്ചതെന്ന് വിശദമാക്കുമോ?

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, (എ) ഉണ്ട്. സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വിജ്ഞാന സമൂഹസൃഷ്ടിക്കായി കെ-ഡിസ്കും കിലയും തദ്ദേശസ്വയംഭരണ വകുപ്പും ചേർന്ന് നടപ്പാക്കുന്ന "ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനം ഒരു ആശയം (OLOI)" എന്ന പദ്ധതിയുടെ ഭാഗമായി പതിമൂന്ന് ജില്ലകളിൽ പത്തൊൻപത് ബ്ലോക്കുകളിലായി ഇന്നവേഷൻ ക്ലസ്റ്ററുകൾ രൂപീകരിച്ചിട്ടുണ്ട്.

(ബി) സാധ്യമാകും. തദ്ദേശസ്വയംഭരണ സ്ഥാപനപ്രദേശത്തെ ജനങ്ങൾ ദൈനംദിന ജീവിതത്തിൽ നേരിടുന്ന പ്രാദേശിക വെല്ലുവിളികൾ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽത്തന്നെ കണ്ടെത്തുകയും അവയെ തരംതിരിച്ച് അതത് വിഷയ മേഖലയിലെ അക്കാദമിക/ഗവേഷണ സ്ഥാപനങ്ങൾവഴിയും വിദഗ്ധരുടെ കൂട്ടായ്മവഴിയും ഹാക്കത്തോൺ സംവിധാനത്തിലൂടെയും പരിഹാര മാർഗങ്ങൾ കണ്ടെത്തി, പദ്ധതി രേഖകളാക്കുന്നതിനും അവ നടപ്പാക്കുന്നതിനും തദ്ദേശഭരണ സ്ഥാപനങ്ങളെ

സഹായിക്കുന്നതിന് വേണ്ടിയുള്ള ഒരു ആവാസവ്യവസ്ഥയൊരുക്കാൻ ഇന്നവേഷൻ ക്ലസ്റ്ററുകൾവഴി സാധിക്കുന്നതാണ്.

(സി) 2024-2025 വാർഷിക പദ്ധതിയിലുൾപ്പെടുത്തി, സംസ്ഥാനത്തെ 19 ബ്ലോക്കുകളിൽ, ബ്ലോക്ക് ഇന്നവേഷൻ ക്ലസ്റ്ററുകൾ പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പിലാക്കിവരുന്നു. നേമം, നെടുമങ്ങാട്, മുഖത്തല, പത്തനാപുരം, പറക്കോട്, കഞ്ഞിക്കുഴി, വൈക്കം, ഏറ്റുമാനൂർ, വൈപ്പിൻ, കൊടകര, തളിക്കുളം, മലമ്പുഴ, മങ്കട, തിരൂർ, സുൽത്താൻ ബത്തേരി, കുന്നമംഗലം, കുന്നുമ്മൽ, പയ്യന്നൂർ, തലശ്ശേരി എന്നീ 19 ബ്ലോക്കുകളിലാണ് ഇന്നവേഷൻ ക്ലസ്റ്ററുകൾ ആരംഭിച്ചിട്ടുള്ളത്.

(ഡി) ബ്ലോക്ക് ഇന്നവേഷൻ ക്ലസ്റ്ററിന്റെ പ്രവർത്തനമാതൃക വിശദീകരിക്കുന്നതിലേക്കായി പൈലറ്റ് ബ്ലോക്കുകളിലെ ജനപ്രതിനിധികൾക്ക് വിപുലമായ പരിശീലനം നൽകിയിട്ടുണ്ട്. തുടർന്ന്, 19 പൈലറ്റ് ബ്ലോക്കുകളിലും ബ്ലോക്ക് ഇന്നവേഷൻ ക്ലസ്റ്ററിന്റെ സാധ്യതകളും പ്രവർത്തനങ്ങളും വിശദീകരിച്ചുകൊണ്ടും രൂപീകരണ പ്രക്രിയ ചർച്ച ചെയ്യാനുമായി ആലോചനായോഗം നടത്തി. ബ്ലോക്ക് തലത്തിൽ പ്രശ്നങ്ങളെ കണ്ടെത്തുന്നതിനായി ശില്പശാലകൾ സംഘടിപ്പിച്ച്, പ്രശ്നങ്ങൾ

പ്രസ്താവനകളാക്കി, അതിനായി ഹാക്കത്തോൺ, സൊല്യൂഷൻ അഗ്രഗേഷൻ തുടങ്ങിയ രീതികളിലൂടെ പരിഹാരങ്ങൾ രൂപപ്പെടുത്തുന്നതിനുള്ള നടപടികൾ 19 പൈലറ്റ് ബ്ലോക്കുകളിൽ നടപ്പിലാക്കിവരുന്നു.

അക്കാദമിക് സ്ഥാപനങ്ങൾ ബ്ലോക്ക് ഇന്നവേഷൻ ക്ലസ്റ്ററുകളിൽ പ്രധാനപ്പെട്ട പങ്കുവഹിക്കുന്ന സംവിധാനങ്ങളിലൊന്നാണ്. ഇതിന്റെ ഭാഗമായി, അക്കാദമിക സ്ഥാപനങ്ങളുടെ പങ്ക് ഉറപ്പാക്കുന്നതിന് കേരള സാങ്കേതിക സർവകലാശാലയുമായി കെ-ഡിസ്ക് ഒരു ധാരണാപത്രം ഒപ്പിടുകയുണ്ടായി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസന പ്രശ്നങ്ങളെ പ്രോബ്ലം ഷെൽഫായി മാറ്റി, ബി.ടെക് വിദ്യാർഥികളുടെ മിനി പ്രോജക്ടുകളിലൂടെ പരിഹാരം കണ്ടെത്തുന്നതിനുള്ള സംവിധാനമൊരുക്കി വരികയാണ്. കാർബൺ ന്യൂട്രൽ പ്രവർത്തനരംഗത്ത് നൂതനാശയങ്ങൾ നടപ്പാക്കുന്നതിന്റെ ഭാഗമായി, സാങ്കേതിക സർവകലാശാലയുടെ സെന്റർ ഓഫ് എക്സലൻസ് ഇൻ സസ്റ്റെയിനബിലിറ്റി എഞ്ചിനീയറിങ് ആൻഡ് കാർബൺ ന്യൂട്രാലിറ്റിയുമായി ചേർന്ന് പ്രവർത്തിച്ചുവരുന്നു. ഇതിന്റെ ഭാഗമായി നാഷണൽ സർവീസ് സ്കീം വിദ്യാർഥികളുടെ സഹായത്തോടെ, കാർബൺ എമിഷൻ സംബന്ധിച്ച സർവെ നടത്തി, ഇന്റേൺസിന്റെ

സഹായത്തോടെ എനർജി ഓഡിറ്റിങ് നടത്താനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

ശ്രീ. ഡി. കെ. മുരളി: സർ, സംസ്ഥാനത്ത് രണ്ടാം തലമുറ വികസന വെല്ലുവിളികളെ നേരിടുന്നതിന് ഇന്നവേഷൻ ക്ലസ്റ്ററുകൾ രൂപീകരിക്കുകയും ബ്ലോക്കുതലത്തലിൽ ഇതിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ടോ?

ശ്രീ. എം. ബി. രാജേഷ്: സർ, ബഹുമാനപ്പെട്ട അംഗം ചോദ്യത്തിൽ ചൂണ്ടിക്കാണിച്ചപോലെ, കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയിൽ ഇന്ന് ഗുണപരമായൊരു പരിവർത്തനം ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. അടിസ്ഥാന സേവനങ്ങൾ ലഭ്യമാക്കുക, പ്രാദേശിക അടിസ്ഥാന സൗകര്യ വികസനം, അവയുടെ പരിപാലനം എന്നീ ക്ഷേമപ്രവർത്തനങ്ങളാണ് പരമ്പരാഗതമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കൈകാര്യം ചെയ്തിരുന്നത്. എന്നാൽ അതിൽനിന്നും വ്യത്യസ്തമായി പ്രാദേശിക സാമ്പത്തിക വികസനം, തൊഴിൽ സൃഷ്ടിക്കൽ, രണ്ടാംതലമുറ വികസന വെല്ലുവിളികളെ അഭിസംബോധനചെയ്യൽ എന്നീ ഗുണപരമായ മാറ്റം പ്രാദേശിക സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ

ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. പ്രാദേശിക സാമ്പത്തിക വികസനത്തിനുകൂടി ഉതകുന്ന ഒരു ആവാസവ്യവസ്ഥ സൃഷ്ടിക്കുന്നതിനുള്ള ശ്രമമാണ് ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നത്. അതിന്റെ ഭാഗമായാണ് ഇന്നവേഷൻ ക്ലസ്റ്ററുകൾ രൂപീകരിച്ചിട്ടുള്ളത്. സംസ്ഥാന തലത്തിൽ കെ-ഡിസ്ക് ആവിഷ്കരച്ചിട്ടുള്ള ഇന്നവേഷൻ ഇക്കോസിസ്റ്റത്തിന്റെ വികേന്ദ്രീകൃതമായ മാതൃകയാണ് ബ്ലോക്കുതലങ്ങളിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന ബ്ലോക്ക് ഇന്നവേഷൻ ക്ലസ്റ്ററുകൾ. വിജ്ഞാന സമ്പദ്‌വ്യവസ്ഥയിലേക്ക് കേരളത്തെ മാറ്റുന്നതിനും വിജ്ഞാന സമൂഹമായി കേരള സമൂഹത്തെ പരിവർത്തിപ്പിക്കുന്നതിനും സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിൽ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. സംസ്ഥാനത്ത് അക്കാദമിക സ്ഥാപനങ്ങളും വ്യവസായ സ്ഥാപനങ്ങളുമുണ്ട്. അക്കാദമിക സ്ഥാപനങ്ങളുടെയും വ്യവസായ സ്ഥാപനങ്ങളുടെയും അറിവിനെയും വൈദഗ്ധ്യത്തെയും നൂതനാശയങ്ങളെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായും പ്രാദേശിക സമൂഹവുമായും കണ്ണിചേർത്തുകൊണ്ട് വിജ്ഞാന സമ്പദ്‌വ്യവസ്ഥയുടെ ഒരു ചാലകശക്തിയാക്കി മാറ്റുന്നതിനുള്ള ഒരു പിന്തുണാ സംവിധാനം

എന്നനിലയിൽക്കൂടിയാണ് ബ്ലോക്ക് ഇന്നവേഷൻ ക്ലസ്റ്ററുകളെ സർക്കാർ വിഭാവനം ചെയ്തിട്ടുള്ളത്. പൈലറ്റ് അടിസ്ഥാനത്തിൽ ഇപ്പോൾ 19 ബ്ലോക്കുകളിൽ ബ്ലോക്ക് ഇന്നവേഷൻ ക്ലസ്റ്ററുകൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നുണ്ട്.

<u>ശ്രീ. ഡി. കെ. മുരളി</u>: സർ, ബ്ലോക്ക് ഇന്നവേഷൻ ക്ലസ്റ്ററുകളുടെ പ്രവർത്തനങ്ങളിൽ ഉദ്യോഗസ്ഥരുടെ പങ്ക് എന്താണെന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ?

<u>ശ്രീ. എം. ബി. രാജേഷ്</u>: സർ, ബ്ലോക്ക് ഇന്നവേഷൻ ക്ലസ്റ്ററുകളിൽ ഉദ്യോഗസ്ഥരുടെ പങ്ക് സംബന്ധിച്ച് വ്യക്തമായ ധാരണ സർക്കാരിനുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും വിവിധ വകുപ്പുകളിൽനിന്നും കെ-ഡിസ്കിന്റെ നേതൃത്വത്തിൽ ഉദ്യോഗസ്ഥരെ തെരഞ്ഞെടുത്ത് അവർക്ക് പ്രത്യേക പരിശീലനം നൽകിക്കൊണ്ടിരിക്കുകയാണ്. പ്രസ്തുത ഉദ്യോഗസ്ഥരെ ബ്ലോക്ക് ഇന്നവേഷൻ ക്ലസ്റ്ററുകളിൽ പങ്കാളിയാക്കുന്നതിന് കിലയും കെ-ഡിസ്കും ചേർന്ന് ഒരു ഫ്രെയിംവർക്ക് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്.

<u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u> : സർ, ബ്ലോക്ക് ഇന്നവേഷൻ ക്ലസ്റ്ററുകളുടെ പ്രവർത്തനം കേരളത്തിലെ എല്ലാ ബ്ലോക്കുകളിലും വ്യാപിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; ഇത് പഞ്ചായത്തടിസ്ഥാനത്തിൽ കൊണ്ടുവരാൻ സാധിക്കുമോ?

<u>ശ്രീ. എം. ബി. രാജേഷ്</u> : സർ, പൈലറ്റ് അടിസ്ഥാനത്തിൽ ഇപ്പോൾ രൂപീകരിച്ചിട്ടുള്ള ബ്ലോക്ക് ഇന്നവേഷൻ ക്ലസ്റ്ററുകളുടെ പ്രവർത്തനത്തിന്റെയും അനുഭവങ്ങളുടെയും അടിസ്ഥാനത്തിൽ അന്തിമ ചട്ടക്കൂടും പ്രവർത്തന മാതൃകയും വിശദമാക്കിക്കൊണ്ടുള്ള സർക്കാർ ഉത്തരവ് താമസംവിനാ പുറപ്പെടുവിക്കുന്നതാണ്. നേരത്തെ ഇവിടെ വിശദീകരിച്ചതുപോലെ വിജ്ഞാന സമ്പദ്‌വ്യവസ്ഥയെ ചലിപ്പിക്കുന്ന ഒരു ചാലകശക്തിയായും പ്രാദേശിക സാമ്പത്തിക വികസനത്തെ ത്വരിതപ്പെടുത്താൻ സഹായിക്കുന്ന സംവിധാനമായും ഇതിനെ വികസിപ്പിക്കണമെന്നാണ് സർക്കാർ കരുതുന്നത്. സമഗ്രമായ വളർച്ചയുണ്ടായതുകൊണ്ടുമാത്രം സുസ്ഥിരമായ വികസനമുണ്ടാകണമെന്നില്ല. വളർച്ചയും വികസനവും തമ്മിൽ വ്യത്യാസമുണ്ട്. അതുകൊണ്ടുതന്നെ സാമ്പത്തിക വളർച്ചയെ

സുസ്ഥിരവികസനവും ഉൾക്കൊള്ളുന്ന വികസനവുമാക്കി (sustainable and inclusive development) മാറ്റണമെങ്കിൽ ബോധപൂർവമായിട്ടുള്ള ഇടപെടലുകളുണ്ടാകണം. അതിനായി പ്രാദേശികമായ പ്രത്യേകതകളും യാഥാർഥ്യങ്ങളും കണക്കിലെടുത്തുകൊണ്ടുള്ള നൂതന ആശയങ്ങളുടെ നിർമ്മിതിയുണ്ടാകണം. അത്തരം നൂതന ആശയ നിർമ്മിതിക്ക് പ്രോത്സാഹനം നൽകുകയെന്നതാണ് ബ്ലോക്ക് ഇന്നവേഷൻ ക്ലസ്റ്ററുകളിലൂടെ സർക്കാരുദ്ദേശിക്കുന്നത്. അക്കാദമിക് സ്ഥാപനങ്ങൾ, ഗവേഷണ സ്ഥാപനങ്ങൾ, പ്രാദേശിക സർക്കാരുകൾക്കൊപ്പം പൊതുജനങ്ങളെക്കൂടി ബന്ധപ്പെടുത്തി നൂതന ആശയങ്ങൾ നിർമ്മിക്കുന്നതിലൂടെ പരിഹരിക്കാൻ സാധിക്കാത്ത പ്രാദേശിക വികസന പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പിന്തുണാ സംവിധാനമൊരുക്കേണ്ടതുണ്ട്. പ്രാദേശിക സംരംഭകർക്ക് നൂതന ആശയങ്ങളിലൂടെ അവരുടെ സംരംഭങ്ങളെ ആധുനികവത്കരിക്കുന്നതിനും മികച്ച ബിസിനസ് പ്ലാനുകൾ തയ്യാറാക്കുന്നതിനും അവരെ പ്രാപ്തരാക്കുകയെന്ന ലക്ഷ്യത്തോടുകൂടിയാണ് ബ്ലോക്ക് ഇന്നവേഷൻ സെന്ററുകൾ ആവിഷ്കരിച്ചിട്ടുള്ളത്. ഇതിന്റെ അടിസ്ഥാനത്തിൽ മറ്റ്

ബ്ലോക്കുകളിലേയ്ക്കും വ്യാപിപ്പിക്കുന്ന കാര്യം സർക്കാർ പിന്നീട് പരിശോധിക്കുന്നതാണ്.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രാദേശിക സാമ്പത്തിക വികസനമെന്ന ലക്ഷ്യം കൈവരിക്കാൻ ബ്ലോക്ക് ഇന്നവേഷൻ ക്ലസ്റ്ററുകൾ സഹായകരമാകുമോ; വിശദീകരിക്കുമോ?

ശ്രീ. എം. ബി. രാജേഷ്: സർ, ഇക്കാര്യം ഇതിനകം വിശദീകരിച്ചുകഴിഞ്ഞുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. പ്രാദേശിക സാമ്പത്തിക വികസനത്തിനാണ് സർക്കാർ പ്രധാനമായും ഊന്നൽകൊടുക്കുന്നത്. പതിനാലാം പഞ്ചവത്സര പദ്ധതിയുടെ അടിസ്ഥാന സമീപനംതന്നെ പ്രാദേശിക സാമ്പത്തിക വികസനത്തെ ത്വരിതപ്പെടുത്തലാണ്. പ്രാദേശിക സാമ്പത്തികവികസനം ത്വരിതപ്പെടുത്തണമെങ്കിൽ നൂതന ആശയങ്ങളുണ്ടാകണം. നൂതന ആശയങ്ങൾ സൃഷ്ടിക്കാനുതകുന്ന ഒരു ആവാസവ്യവസ്ഥയാണ് സംസ്ഥാനതലത്തിലും അതിന്റെ വികേന്ദ്രീകൃത മാതൃകയെന്നനിലയിൽ ഇപ്പോൾ ബ്ലോക്ക് തലത്തിലും ഈ സംവിധാനത്തിലൂടെ ഒരുക്കിയിട്ടുള്ളത്.

സംരംഭകരിൽനിന്നും അക്കാദമിക സ്ഥാപനങ്ങളിൽനിന്നും ഗവേഷണ സ്ഥാപനങ്ങളിൽനിന്നും പൊതുജനങ്ങളിൽ നിന്നുമുണ്ടാകുന്ന നൂതന ആശയങ്ങളെ പദ്ധതികളാക്കി മാറ്റുന്നതിന് ബ്ലോക്ക് ഇന്നവേഷൻ സെന്ററുകളുടെ പിന്തുണയുണ്ടാകുമെന്നാണ് സർക്കാർ കരുതുന്നത്. അത് പ്രാദേശിക സാമ്പത്തിക വികസനത്തെയും തൊഴിലും വരുമാനവും സൃഷ്ടിക്കുന്നതിനെയും ത്വരിതപ്പെടുത്തുന്ന ഇടപെടലായി മാറുന്നതാണ്.

<u>ശ്രീമതി കാനത്തിൽ ജമീല</u>: സർ, ബ്ലോക്ക് ഇന്നവേഷൻ ക്ലസ്റ്ററുകളുടെ പ്രവർത്തനങ്ങളിലൂടെ പ്രാദേശിക തലങ്ങളിലെ വാണിജ്യ വ്യവസായമേഖലകളിലുൾപ്പെടെ സമഗ്ര വികസനത്തിനുതകുന്ന നൂതന ആശയങ്ങൾ വാർത്തെടുക്കാനുതകുന്ന ലക്ഷ്യങ്ങൾ കൈവരിക്കാൻ സാധിക്കുമോ?

<u>ശ്രീ. എം. ബി. രാജേഷ്</u>: സർ, അതുസംബന്ധിച്ച് ഇവിടെ വിശദീകരിച്ചുകഴിഞ്ഞു.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, കേരളത്തിൽ വിജ്ഞാന സമ്പദ് വ്യവസ്ഥ കെട്ടിപ്പടുക്കുകയെന്ന ലക്ഷ്യത്തോടുകൂടി ആരംഭിക്കുന്ന പ്രവർത്തനങ്ങളുടെ തുടർച്ചയാണ് ബ്ലോക്ക് ഇന്നവേഷൻ ക്ലസ്റ്ററുകൾ. Kerala

Knowledge Economy Mission (KKEM) നടത്തിയ സർവെയിൽ ആദ്യഘട്ടത്തിൽ 53 ലക്ഷം തൊഴിലന്വേഷകർ കേരളത്തിലുള്ളതായി കണ്ടെത്തിയെന്നാണ് സർക്കാർ റിപ്പോർട്ടിൽ പറയുന്നത്. അതിൽ ഡിജിറ്റൽ വർക്ക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റത്തിൽ (DWMS) രജിസ്റ്റർ ചെയ്തത് 18 ലക്ഷം പേരാണ്. 53 ലക്ഷംപേരെ കണ്ടെത്തിയെങ്കിലും 18 ലക്ഷം പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പക്ഷേ രണ്ട് ലക്ഷത്തിനടുത്ത് തൊഴിലുകൾ മാത്രമാണ് അതിൽ കണ്ടെത്തിയതെന്നാണ് സർക്കാർ റിപ്പോർട്ടിൽ പറയുന്നത്. അപ്പോൾ തൊഴിലന്വേഷകരുടെ പ്രതീക്ഷയും സർക്കാർ കണ്ടെത്തിയ തൊഴിലിന്റെ സ്വഭാവവും തമ്മിലുള്ള അകലമാണ്, അതായത് ആദ്യം 53 ലക്ഷം പിന്നീട് 18 ലക്ഷം, 2 ലക്ഷം എന്നതിലേയ്ക്ക് ചുരുങ്ങുന്നതിനൊരു കാരണമാകുന്നവെന്ന് ടി റിപ്പോർട്ടിൽതന്നെ പറയുന്നുണ്ട്. അതുകൊണ്ട് സംസ്ഥാനവ്യാപകമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഇത് വ്യാപിപ്പിക്കുകയാണ്. 2023-24-ൽ ക്ലസ്റ്ററുകൾക്കുവേണ്ടി 13 കോടി രൂപ മാത്രമാണ് മാറ്റിവച്ചത്. കേരളത്തെ വിജ്ഞാന സമ്പദ് വ്യവസ്ഥയാക്കി മാറ്റുന്നതിന് 13 കോടി രൂപ മതിയാകാതെ വരും. മറ്റ് സ്ഥാപനങ്ങളിലേയ്ക്കുകൂടി വ്യാപിക്കുകയും ക്ലസ്റ്ററുകൾ വരികയും ചെയ്യുമ്പോൾ

അതിനാവശ്യമായ തുക അനുവദിക്കുമോ; ഇപ്പോൾ എത്ര പഞ്ചായത്തുകളിൽ ആരംഭിച്ചിട്ടുണ്ട്; ഇനി എത്ര പഞ്ചായത്തുകളിലേയ്ക്കുകൂടി ടി പദ്ധതി കൊണ്ടുവരാനുദ്ദേശിക്കുന്നുണ്ട്?

ശ്രീ. എം. ബി. രാജേഷ്: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് തൊഴിലന്വേഷകരായി രജിസ്റ്റർ ചെയ്തവരും തൊഴിലിന് പ്രാപ്തരായി കണ്ടെത്തിയവരും തമ്മിലുള്ള അകലത്തെക്കുറിച്ചാണ്. അത് പരിഹരിക്കുന്നതിനുവേണ്ടിയാണ് തൊഴിൽ നൈപുണി വികസനത്തിന് സംസ്ഥാന സർക്കാർ ഊന്നൽ കൊടുത്തുകൊണ്ടിരിക്കുന്നത്. വിജ്ഞാന കേരളം പദ്ധതി സംസ്ഥാനത്താകെ വിജയകരമായി നടപ്പാക്കുന്നതിന് നിലവിൽ തുടക്കം കുറിച്ചുകഴിഞ്ഞു. അതിന്റെ ഭാഗമായി മെഗാതൊഴിൽ മേളകൾ സംഘടിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ആലപ്പുഴയിൽ ആദ്യത്തെ തൊഴിൽമേള വളരെ വിജയകരമായാണ് അവസാനിച്ചത്. അത് കേവലമൊരു തൊഴിൽമേള മാത്രമല്ല, തൊഴിൽമേളയിൽ പങ്കെടുത്തവരിൽ തൊഴിലിനർഹരാകാത്ത/നൈപുണി ആർജിക്കാൻ സാധിക്കാത്ത ആളുകളെ കണ്ടെത്തി അവർക്ക് നൈപുണി ആർജിക്കാൻ കഴിയുന്ന തരത്തിലുള്ള തുടർപരിശീലനം കൊടുക്കുന്നതുൾപ്പെടെ വിജ്ഞാന കേരളത്തിന്റെ

ഭാഗമാണ്. അതിനായി സമഗ്രമായൊരു സമീപനമാണ് സർക്കാർ സ്വീകരിക്കുന്നത്. ഈ പദ്ധതിയുടെ ഭാഗമായി വൈജ്ഞാനിക മേഖലയിലെ തൊഴിലുകൾ നേടുന്നതിനാവശ്യമായ സ്കിൽ മെച്ചപ്പെടുത്തുന്നതിനുള്ള ഇടപെടൽ നടത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. നൂതന ആശയങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് എത്ര തുക കൊടുക്കുന്നുവെന്നതല്ല, സ്റ്റാർട്ടപ്പ് മിഷന്റെ 5 ലക്ഷം രൂപയുടെ സഹായം സ്വീകരിച്ചുകൊണ്ടാണ് ലോകത്താകെ ശ്രദ്ധേയമായിത്തീർന്ന മാൻഹോൾ വൃത്തിയാക്കുന്നതിനുള്ള ജൻറോബോട്ടിക്സ് സാങ്കേതികവിദ്യയ്ക്ക് രൂപം നൽകിയത്. എന്റെ നിയോജകമണ്ഡലമായ തൃത്താലയിലെ ഒരു സംഘം ചെറുപ്പക്കാർ കണ്ട സിനിമയിൽ നിന്ന് ലഭിച്ച ആശയത്തെ നൂതന ആശയമെന്ന നിലയിൽ വികസിപ്പിച്ച് അതൊരു പദ്ധതിയാക്കി മാറ്റുകയുമാണ് ചെയ്തത്. ഇന്ന് നൂറുകണക്കിന് രാജ്യങ്ങളിലേയ്ക്ക് അവരുടെ ഉൽപന്നം കയറ്റി അയയ്ക്കുകയാണ്. റോബോർട്ടുപയോഗിച്ചുകൊണ്ട് മാൻഹോൾ എങ്ങനെ വൃത്തിയാക്കാം? ടി സ്റ്റാർട്ട് അപ് മിഷന്റെ സഹായമായി 5 ലക്ഷം രൂപയാണ് ലഭിക്കുന്നത്. എത്ര തുക കൊടുക്കുന്നു അല്ലെങ്കിൽ തുകയുടെ വലുപ്പമല്ല പ്രധാനം; അത്തരമൊരു എക്കോസിസ്റ്റം ഉണ്ടാക്കുകയെന്നതാണ്

പ്രധാനപ്പെട്ട കാര്യം. സർക്കാർ ഈ പ്രശ്നത്തെ സമഗ്രമായി അഭിസംബോധന ചെയ്യുകയാണ്. കേരളത്തെ വിജ്ഞാന സമൂഹമാക്കി മാറ്റുന്നതിനും വൈജ്ഞാനിക തൊഴിലുകൾ നേടാൻ പ്രാപ്തരാക്കുന്നതിനാവശ്യമായ സ്കിൽ ആർജിക്കുന്നതുൾപ്പെടെയുള്ള എല്ലാ പിന്തുണയും കൊടുക്കാൻ ലക്ഷ്യമിട്ടുകൊണ്ടുള്ള സമഗ്ര പദ്ധതിയായാണ് വിജ്ഞാന കേരളം നടപ്പാക്കുന്നത്.

ശ്രീ. അഹമ്മദ് ദേവർകോവിൽ: സർ, എന്റെ ചോദ്യത്തിന്റെ മറുപടി പറഞ്ഞുകഴിഞ്ഞു.

മി. സ്പീക്കർ: ശരി.

ശ്രീ. ടി. ജെ. വിനോദ്: സർ, രാജ്യത്തിനകത്തും പുറത്തുമുള്ള നിരവധി സ്ഥാപനങ്ങളെയും കമ്പനികളെയും സഹകരിച്ചുകൊണ്ടുമാത്രമേ ബ്ലോക്ക് ഇന്നവേഷൻ ക്ലസ്റ്ററുകൾ നടപ്പാക്കാൻ കഴിയുകയുള്ളൂവെന്നിരിക്കെ കേരളത്തിലും ഇന്ത്യയിലും വിദേശത്തുമുള്ള എത്ര സ്ഥാപനങ്ങളെയും കമ്പനികളെയുമാണ് സർക്കാർ സമീപിച്ചിട്ടുള്ളത്; അങ്ങനെ സമീപിച്ചിട്ടുണ്ടെങ്കിൽ ആ സ്ഥാപനങ്ങളുടെ പേരുവിവരങ്ങളും അവർക്ക് നൽകിയിട്ടുള്ള നിർദേശങ്ങളും എന്താണെന്ന് വ്യക്തമാക്കാമോ?

ശ്രീ. എം. ബി. രാജേഷ്: സർ, അക്കാര്യം ഇവിടെ വിശദീകരിച്ചുകഴിഞ്ഞു. പ്രാദേശിക തലത്തിലുള്ള ഗവേഷണ-അക്കാദമിക് സ്ഥാപനങ്ങളെ പ്രാദേശിക സർക്കാരുകളുമായി ബന്ധപ്പെടുത്തുന്ന തരത്തിലാണ് ബ്ലോക്ക് ഇന്നവേഷൻ ക്ലസ്റ്ററുകൾ വിഭാവനം ചെയ്തിട്ടുള്ളത്. എന്നാൽ വിജ്ഞാന കേരളം പദ്ധതി മറ്റൊന്നാണ്. വിജ്ഞാന കേരളം പദ്ധതിയിൽ തൊഴിൽമേളയുടെ ഭാഗമായി തൊഴിൽദാതാക്കളായ എല്ലാ സ്ഥാപനങ്ങളെയും ആ പദ്ധതിയിൽ അണിനിരത്തുന്നുണ്ട്. ബ്ലോക്ക് ഇന്നവേഷൻ ക്ലസ്റ്ററുകളും വിജ്ഞാന കേരളത്തിന്റെ ഭാഗമായി തൊഴിൽ ലഭ്യമാക്കാനുള്ള പദ്ധതിയും രണ്ടാണെന്ന കാര്യം വ്യക്തമാക്കുകയാണ്.

## ഇ-കൊമേഴ്സ്, ഡയറക്ട് സെല്ലിങ് മേഖലയിൽ ഉപഭോക്തൃ സംരക്ഷണം

4(*304) ശ്രീ. വി. ആർ. സുനിൽ കുമാർ:
ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപഭോക്താക്കളുടെ താൽപര്യങ്ങൾ, വിവരസങ്കേതികവിദ്യ, വിദേശ നിക്ഷേപ നയത്തിലെ മാറ്റം തുടങ്ങിയ ഘടകങ്ങൾക്ക് അനുസൃതമായി ഇ-കൊമേഴ്സ്, ഡയറക്ട് സെല്ലിങ് തുടങ്ങിയ

വിൽപനരീതികൾ വിപുലമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത സാഹചര്യത്തിൽ ഇ-കൊമേഴ്സ്, ഡയറക്ട് സെല്ലിങ് ബിസിനസ്സുകളിൽ ഉപഭോക്തൃ താൽപര്യസംരക്ഷണം ഉറപ്പാക്കേണ്ടതിന്റെ അനിവാര്യത വിലയിരുത്തിയിട്ടുണ്ടോ; അറിയിക്കുമോ;

(സി) ഡയറക്ട് സെല്ലിങ് മേഖലയെ നിരീക്ഷിക്കുന്നതിനുവേണ്ടി സംസ്ഥാനത്ത് ശക്തമായ മാർഗനിർദേശങ്ങൾ നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) പ്രസ്തുത മാർഗനിർദേശങ്ങളുടെ പിൻബലത്തിൽ പിരമിഡ്, പോൺസി സ്കീം, മണി സർക്കുലേഷൻ തുടങ്ങിയ വ്യാപാര രീതികളെല്ലാം പൂർണ്ണമായും നിരോധിക്കാൻ സാധ്യമാണോ; വിശദമാക്കാമോ?

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ,

(എ & ബി) സാമ്പത്തിക നയപരിഷ്കരണങ്ങൾ, ആഗോള വിപണി സാധ്യതകൾ, പുത്തൻ സാങ്കേതികവിദ്യകളുടെ ആവിർഭാവം തുടങ്ങിയവമൂലം സേവനങ്ങളുടെയും സാധനങ്ങളുടെയും വിപണി വലിയ മാറ്റങ്ങൾക്ക് വിധേയമായിട്ടുണ്ട്. ഉപഭോക്തൃ താൽപര്യങ്ങൾ, നൂതന

വിവരസാങ്കേതികവിദ്യ, വിദേശ നിക്ഷേപനയത്തിലെ മാറ്റം തുടങ്ങിയ ഘടകങ്ങൾക്ക് അനുസൃതമായി ഇ-കൊമേഴ്സ്, ഡയറക്ട് സെല്ലിങ് തുടങ്ങിയ വില്പന രീതികൾ വിപുലമാകുന്നുണ്ട്. വർധിച്ച ആഗോള വ്യാപാരവും ഓൺലൈൻ വ്യാപാരവും ഉപഭോക്താക്കൾക്ക് ഉപകാരപ്രദമായെങ്കിലും പുതിയ രീതിയിലുള്ള തട്ടിപ്പുകളും അധാർമ്മിക കച്ചവടങ്ങളും ഉപഭോക്താക്കൾക്ക് ഭീഷണിയാകുന്നു. ഡയറക്ട് സെല്ലിങ് തുടങ്ങിയ വിൽപനരീതികൾ വിപുലമാകുന്ന സാഹചര്യത്തിൽ ഡയറക്ട് സെല്ലിങ് ബിസിനസ്സുകളിൽ ഉപഭോക്താക്കളുടെ നിയമാനുസൃത അവകാശങ്ങളും താൽപര്യങ്ങളും സംരക്ഷിക്കുന്നതിനും നിരീക്ഷണ സംവിധാനം ശക്തിപ്പെടുത്തുന്നതിനുമായി 04-10-2024-ലെ G. O. (P) No. 20/2024/CAD പ്രകാരം പുതുക്കിയ ഡയറക്ട് സെല്ലിങ് മാർഗരേഖ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതുവഴി ഈ മേഖലയിലെ തെറ്റായ പ്രവണതകൾ തടയുന്നതിനും ഉപഭോക്തൃസംരക്ഷണം ഉറപ്പുവരുത്തുന്നതിനും സാധിക്കും.

(സി) ഡയറക്ട് സെല്ലിങ് മേഖലയെ നിരീക്ഷിക്കുന്നതിനും ഉപഭോക്താക്കളുടെ നിയമാനുസൃത അവകാശങ്ങളും താൽപര്യങ്ങളും സംരക്ഷിക്കുന്നതിനുമായി 'സംസ്ഥാന തല മോണിറ്ററിങ് മെക്കാനിസം

ഫോർ ഡയറക്ട് സെല്ലിങ് എന്റിറ്റീസ് ആൻഡ് ഡയറക്ട് സെല്ലേഴ്സ് ഇൻ ദി സ്റ്റേറ്റ് ഓഫ് കേരള, 2024' എന്ന പേരിൽ സംസ്ഥാനത്ത് ഡയറക്ട് സെല്ലിങ് മാർഗരേഖ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കേരളത്തിൽ ഡയറക്ട് സെല്ലിങ് ബിസിനസ്സ് നടത്തുന്നതിന് യഥാർഥ ഡയറക്ട് സെല്ലിങ് സ്ഥാപനങ്ങൾക്ക് എൻറോൾമെന്റ് സൗകര്യങ്ങൾ ഒരുക്കുക, ഡയറക്ട് സെല്ലിങ് സ്ഥാപനങ്ങളുടെ നിയമലംഘനത്തിനെതിരെ പൊതുജനങ്ങൾ ഉൾപ്പെടെയുള്ള ഉപഭോക്താക്കളിൽനിന്ന് പരാതികൾ സ്വീകരിക്കുക, നികുതി നിയമങ്ങൾ ലംഘിക്കുന്നത് ബന്ധപ്പെട്ട എൻഫോഴ്സ്മെന്റ് അധികാരികളെ അറിയിക്കുക, നിയമ നിർവഹണ അധികാരികൾ, ഉപഭോക്താക്കൾ, ഡയറക്ട് സെല്ലേഴ്സ്, പൊതുജനങ്ങൾ എന്നിവർക്കിടയിൽ ഡയറക്ട് സെല്ലിങ് സംബന്ധിച്ച് അവബോധം നൽകുക, സംശയാസ്പദവും വ്യാജസ്വഭാവമുള്ളതുമായ സേവനങ്ങളെയും ഉൽപന്നങ്ങളെയും സംബന്ധിച്ച് പൊതുജനങ്ങളെ അറിയിക്കുക എന്നിവയാണ് മോണിറ്ററിങ് അതോറിറ്റിയുടെ പ്രധാനപ്പെട്ട ഉത്തരവാദിത്വങ്ങൾ. അന്യായമായ വ്യാപാര രീതികൾ നിരോധിക്കുക, എല്ലാത്തരം പിരമിഡ് സ്കീമുകളും മണിചെയിൻ പദ്ധതികളും നിരോധിക്കുക, കേരളത്തിലെ ഡയറക്ട് സെല്ലേഴ്സിന്റെയും

ഡയറക്ട് സെല്ലിങ് സ്ഥാപനങ്ങളുടെയും പ്രവർത്തനങ്ങൾ നിരീക്ഷിക്കുക/ മേൽനോട്ടം വഹിക്കുക എന്നിവയും മോണിറ്ററിങ് അതോറിറ്റിയുടെ പ്രവർത്തനങ്ങളിലുൾപ്പെടുന്നു.

(ഡി) പിരമിഡ് സ്കീമുകൾ, പോൺസി സ്കീമുകൾ, മണിചെയിൻ സ്കീമുകൾ, മറ്റ് അന്യായ വ്യാപാര രീതികൾ എന്നിവ 2021-ലെ ഉപഭോക്തൃസംരക്ഷണ (ഡയറക്ട് സെല്ലിങ്) കേന്ദ്ര ചട്ടങ്ങൾ പ്രകാരം നിരോധിച്ചിട്ടുണ്ട്. ആയത് സംസ്ഥാനത്ത് കാര്യക്ഷമമായി നടപ്പാക്കാൻ വേണ്ടിയാണ് ഡയറക്ട് സെല്ലിങ് മാർഗരേഖകൾ പുറപ്പെടുവിച്ചിട്ടുള്ളത്. G. O. (P) No. 20/2024/CAD പ്രകാരവും ഉപഭോക്തൃ സംരക്ഷണ (ഡയറക്ട് സെല്ലിങ്) ചട്ടങ്ങൾ 2021-ലെ ചട്ടം 10(b) r/w ചട്ടം 3(f) പ്രകാരവും ഡയറക്ട് സെല്ലിങ് സ്ഥാപനമോ ഡയറക്ട് സെല്ലറോ പിരമിഡ് സ്കീം, മണിചെയിൻ സ്കീം എന്നിവ പ്രോത്സാഹിപ്പിക്കുകയോ അതിൽ ഏർപ്പെടുകയോ അല്ലെങ്കിൽ ഏതെങ്കിലും വ്യക്തിയെ അത്തരം സ്കീമിൽ ചേർക്കുകയോ അത്തരം ക്രമീകരണത്തിൽ പങ്കെടുക്കുകയോ ചെയ്യരുതെന്നും തെറ്റിദ്ധരിപ്പിക്കുന്നതോ വഞ്ചനാപരമോ അന്യായമോ ആയ ഏതെങ്കിലും വ്യാപാരരീതികൾ പ്രോത്സാഹിപ്പിക്കുകയോ അതിലേർപ്പെടുകയോ

ചെയ്യരുതെന്നും നിഷ്കർഷിക്കുന്നു. ഇത്തരത്തിലുള്ള നിയമവിരുദ്ധ പ്രവർത്തനങ്ങൾ ഡയറക്ട് സെല്ലിങ് മേഖലയിൽ ശ്രദ്ധിക്കപ്പെടുന്നപക്ഷം അത്തരം സ്ഥാപനങ്ങൾ/വ്യക്തികൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കാൻ കഴിയും.

ശ്രീ. വി. ആർ. സുനിൽ കുമാർ: സർ, ഡയറക്ട് സെല്ലിങ് കമ്പനികളെയും ഡയറക്ട് സെല്ലർമാരെയും നിരീക്ഷിക്കുന്നതിനായി മോണിറ്ററിങ് സംവിധാനം രൂപീകരിച്ചതായി ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിക്കുകയുണ്ടായി. ഇപ്രകാരമൊരു സംവിധാനത്തിന്റെ രൂപീകരണത്തിലേയ്ക്ക് നയിച്ച സാഹചര്യം വിശദമാക്കാമോ?

ശ്രീ. ജി. ആർ. അനിൽ: സർ, 2021-ലെ ഡയറക്ട് സെല്ലിങ് കേന്ദ്ര ചട്ടങ്ങൾ കൃത്യമായി പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി സംസ്ഥാന സർക്കാരുകൾ ഒരു നിരീക്ഷണ സംവിധാനം ഏർപ്പെടുത്തണമെന്ന് പ്രസ്തുത ചട്ടങ്ങളിലെ ചട്ടം-11 നിഷ്കർഷിക്കുന്നുണ്ട്. ഇത്തരമൊരു പശ്ചാത്തലത്തിലാണ് സംസ്ഥാന സർക്കാർ നിരീക്ഷണ സംവിധാനവും മാർഗരേഖയും രൂപീകരിച്ചത്. ഈ സംവിധാനം ഡയറക്ട് സെല്ലിങ് കമ്പനികളെക്കുറിച്ച് കൂടുതൽ മനസ്സിലാക്കുന്നതിന് ഉപഭോക്താക്കളെ

സഹായിക്കുന്നു. കൂടാതെ ചട്ടങ്ങൾ കൃത്യമായി പാലിച്ച് പ്രവർത്തിക്കുന്ന കമ്പനികൾക്ക് അവരുടെ വിശ്വാസ്യത ഉപഭോക്താക്കളെ ബോധ്യപ്പെടുത്തുന്നതിനും സഹായിക്കുന്നു.

ശ്രീ. വി. ആർ. സുനിൽ കുമാർ: സർ, ഡയറക്ട് സെല്ലിങ് മേഖലയുമായി ബന്ധപ്പെട്ട് വലിയൊരു വിഭാഗം ജനങ്ങൾ തൊഴിലെടുത്ത് വരുന്നുണ്ട്. നിയമപരിരക്ഷ നൽകിയാൽ ഇനിയും ധാരാളം ആളുകൾ ഈ മേഖലയിലേയ്ക്ക് കടന്നുവരുമെന്നിരിക്കെ ഈ മേഖലയിൽ തൊഴിലെടുക്കുന്നവർക്ക് സംരക്ഷണം നൽകാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ശ്രീ. ജി. ആർ. അനിൽ: സർ, ഇന്ത്യയിൽ ഡയറക്ട് സെല്ലിങിന്റെ ഭാവി വളരെയധികം പ്രതീക്ഷ നൽകുന്നതാണ്. വരുംവർഷങ്ങളിൽ ഈ വ്യവസായം മെച്ചപ്പെടുമെന്നാണ് പ്രതീക്ഷിക്കുന്നത്. സ്വാഭാവികമായും ഇത് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും സർക്കാരിന് നികുതി വരുമാനം ഉറപ്പുവരുത്തുകയും ചെയ്യും. ഉപഭോക്തൃ താൽപര്യം സംരക്ഷിക്കുകയെന്നത് വകുപ്പിന്റെ ഉത്തരവാദിത്വമാണ്. ഈ മേഖലയിൽ തൊഴിലെടുക്കുന്നവരുടെ തൊഴിൽസംരക്ഷണവും ക്ഷേമവും തൊഴിൽ വകുപ്പുമായി ബന്ധപ്പെട്ട

വിഷയമായതിനാൽ ആവശ്യമുള്ളപക്ഷം പ്രസ്തുത വകുപ്പുമായി ടി വിഷയം ചർച്ച ചെയ്യുന്നതാണ്.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഡയറക്ട് സെല്ലിങ്ങുമായി ബന്ധപ്പെട്ട് രൂപീകരിച്ചിട്ടുള്ള മോണിറ്ററിങ് കമ്മിറ്റിയുടെ ചുമതലകൾ എന്തൊക്കെയാണ്; കമ്മിറ്റിയുടെ നിരീക്ഷണത്തിൽ കണ്ടെത്തുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്തെല്ലാം മാർഗങ്ങളാണ് സ്വീകരിക്കുന്നത്?

ശ്രീ. ജി. ആർ. അനിൽ: സർ, കമ്പനികളുടെ എൻറോൾമെന്റ്, ഡയറക്ട് സെല്ലിങ് റൂൾസ് വയലേഷൻസ് സംബന്ധിച്ച പരാതി സ്വീകരിക്കൽ, ഡയറക്ട് സെല്ലിങ് കമ്പനികൾ നടത്തുന്ന നികുതി വെട്ടിപ്പ്, മറ്റ് അനഭിലഷണീയ കച്ചവട പ്രവണതകൾ എന്നിവ സംബന്ധിച്ച് ബന്ധപ്പെട്ട എൻഫോഴ്സ്മെന്റ് അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തി നടപടി ഉറപ്പുവരുത്തുക, സംശയാസ്പദമായ കമ്പനികളും ഉൽപന്നങ്ങളും സംബന്ധിച്ച് ഉപഭോക്താക്കൾക്ക് മുന്നറിയിപ്പ് നൽകുക എന്നിവയാണ് മോണിറ്ററിങ് അതോറിറ്റിയുടെ ചുമതലകൾ. മോണിറ്ററിങ് കമ്മിറ്റിയുടെ നിരീക്ഷണത്തിൽ കണ്ടെത്തുന്ന പിഴവുകൾ തിരുത്താൻ കമ്പനികൾക്കും ഡയറക്ട് സെല്ലേഴ്സിനും

നിർദേശം നൽകുകയും നിർദേശങ്ങൾ പാലിക്കാതിരുന്നാൽ നിർവഹണ ഉദ്യോഗസ്ഥർ മുഖേന ഉചിതമായ നിയമനടപടി സ്വീകരിക്കുകയും ചെയ്യും.

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, ഡയറക്ട് സെല്ലിങ് മേഖലയിൽ ആവശ്യമായ സംവിധാനങ്ങളൊരുക്കുന്നതിനും ഉപഭോക്തൃ താൽപര്യം സംരക്ഷിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ച കാര്യവും അതിനായി മോണിറ്ററിങ് സംവിധാനം ഏർപ്പെടുത്തിയതുമൊക്കെ ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വിശദീകരിച്ചു. പക്ഷേ ഈ മേഖലയിൽ ഒട്ടേറെ തട്ടിപ്പുകൾ നടക്കുകയും ധാരാളം ആളുകൾ പറ്റിക്കപ്പെടുകയും ചെയ്യുന്നുണ്ട് എന്നുള്ളത് ഒരു വസ്തുതയാണ്. ഈ സാഹചര്യത്തിൽ, ഉപഭോക്തൃ സംരക്ഷണത്തിനുവേണ്ടി എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്; സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതിനും നിരീക്ഷിക്കുന്നതിനും അതുസംബന്ധിച്ച് ഉപഭോക്താവിന് പരാതി ഉന്നയിക്കുന്നതിനുമുള്ള സൗകര്യം മോണിറ്ററിംഗ് സംവിധാനത്തിന്റെ ഭാഗമായി ലഭ്യമാണോ?

ശ്രീ. ജി. ആർ. അനിൽ: സർ, നിരവധി തട്ടിപ്പുകളും ഉപഭോക്തൃ ചൂഷണങ്ങളും ഈ മേഖലയിൽ ഉണ്ടായിട്ടുണ്ടെന്നത് ഒരു വസ്തുതതന്നെയാണ്. അതുതന്നെയാണ് ഇത്തരത്തിൽ ശക്തമായൊരു നിരീക്ഷണ സംവിധാനം

രൂപീകരിക്കുന്നതിന് സർക്കാരിനെ പ്രേരിപ്പിച്ചത്. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഡയറക്ട് സെല്ലിങ് കമ്പനികൾ ഉപഭോക്തൃകാര്യ വകുപ്പിൽ എൻറോൾ ചെയ്യണമെന്ന് മാർഗരേഖ നിഷ്കർഷിക്കുന്നുണ്ട്. വിശദമായ പരിശോധനയ്ക്കുശേഷം യോഗ്യരായ കമ്പനികളുടെ പട്ടിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കും. അത്തരത്തിൽ എൻറോൾ ചെയ്യുന്ന കമ്പനികളുടെ ലിസ്റ്റ് പരിശോധിച്ച് ഉപഭോക്താവിന് കമ്പനിയുടെ വിശ്വാസ്യത ബോധ്യപ്പെടാവുന്നതാണ്. അറിവുണ്ടായിരിക്കുകയെന്നതാണ് ചൂഷണം ഒഴിവാക്കുന്നതിന് അടിസ്ഥാനപരമായി വേണ്ടത്. ഇത്തരത്തിലുള്ള അറിവ് ഉപഭോക്താക്കളിലേയ്ക്ക് എത്തിക്കുകയെന്നതാണ് ഈ മോണിറ്ററിങ് സംവിധാനത്തിലൂടെ സർക്കാർ ലക്ഷ്യംവയ്ക്കുന്നത്. ബഹുമാന്യനായ മുഖ്യമന്ത്രി നേരത്തെ പറഞ്ഞ മറുപടി നാമെല്ലാം കേട്ടതാണ്. തട്ടിപ്പുകൾ ഒഴിവാക്കാൻ നമ്മൾ വിചാരിച്ചാൽ മാത്രം കഴിയില്ല; ഉപഭോക്താക്കൾക്ക് അതുസംബന്ധിച്ച് ജാഗ്രതയുണ്ടായാൽ മാത്രമെ തട്ടിപ്പുകൾ ഒഴിവാക്കാൻ കഴിയുകയുള്ളൂ.

ശ്രീ. സി. സി. മുകുന്ദൻ: സർ, ഡയറക്ട് സെല്ലിങ്ങുമായി ബന്ധപ്പെട്ട മോണിറ്ററിങ് അതോറിറ്റിയുടെ രൂപീകരണത്തിൽ ഈ മേഖലയിൽ

പ്രവർത്തിക്കുന്ന ട്രേഡ് യൂണിയൻ ഉൾപ്പെടെയുള്ളവരുടെ അഭിപ്രായങ്ങളും നിർദേശങ്ങളും തേടിയിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രീ. ജി. ആർ. അനിൽ: സർ, ഈ മേഖലയിൽ പ്രവർത്തിക്കുന്ന ട്രേഡ് യൂണിയനുകൾ, ഡയറക്ട് സെല്ലിങ് കമ്പനികളുടെ അസോസിയേഷനുകൾ എന്നിവയുടെ പ്രതിനിധികളുമായി നിരവധി ചർച്ചകൾ നടത്തിയിരുന്നു. തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളെയും പ്രസ്തുത മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി വകുപ്പ് ഈ വിഷയത്തിൽ ഒരു ശിൽപശാലയും സംഘടിപ്പിച്ചിരുന്നു. അത്തരത്തിൽ സ്വരൂപിച്ച അഭിപ്രായങ്ങളും നിർദേശങ്ങളുംകൂടി പരിഗണിച്ചാണ് മോണിറ്ററിംഗ് സംവിധാനത്തിന്റെ മാർഗരേഖ സർക്കാർ തയ്യാറാക്കിയത്.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, 2021-ൽ കേന്ദ്ര ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ ഡയറക്ട് സെല്ലിങ് കമ്പനികളെ നിയന്ത്രിക്കുന്നതിന് സംസ്ഥാനത്ത് ഒരു മോണിറ്ററിങ് മെക്കാനിസം ആരംഭിച്ചിട്ടുണ്ടെന്ന് അങ്ങിവിടെ പറഞ്ഞു. എന്നിട്ടും തെറ്റിദ്ധരിപ്പിക്കുന്ന പരസ്യങ്ങളിലൂടെ കൃത്യമായ മേൽവിലാസമില്ലാതെ ഉപഭോക്താക്കളെ കബളിപ്പിക്കുന്ന

ഡയറക്ട് സെല്ലിങ് കമ്പനികൾ സംസ്ഥാനത്ത് ഇപ്പോഴും സജീവമാണ്. ഇതിൽ കൂടുതലും അകപ്പെടുന്നത് ചെറുപ്പക്കാരാണ്. അവരുടെ പർച്ചേസിംഗ് ഹാബിറ്റ് മാറിയിരിക്കുകയാണ്; ഷോപ്പിലേയ്ക്ക് നേരിട്ട് പോകാതെ വീട്ടിലിരുന്നുതന്നെ സാധനങ്ങൾ ഓർഡർ ചെയ്യുകയാണ്. ഇവരൊക്കെത്തന്നെ വളരെ വലിയ പ്രശ്നങ്ങളിലാണ് അകപ്പെടുന്നത്. മോശമായ ഡയറക്ട് സെല്ലിങ് കമ്പനികളുടെ ലിസ്റ്റ് മോണിറ്ററിങ് സംവിധാനത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുമോ?

<u>ശ്രീ. ജി. ആർ. അനിൽ</u>: സർ, ഇതുസംബന്ധിച്ച് ഞാൻ നേരത്തെ വിശദീകരിച്ചതാണ്. ഒരുപക്ഷേ, ഇന്ത്യയിലാദ്യമായി കേരളത്തിലാണ് ഇങ്ങനെയൊരു സംവിധാനം നടപ്പാക്കുന്നത്. സംസ്ഥാനത്ത് മോണിറ്ററിങ് സംവിധാനത്തിന്റെ പ്രവർത്തനം ആരംഭിച്ചിട്ടേയുള്ളൂ; കമ്പനികളുടെ ലിസ്റ്റ് തയ്യാറാക്കുന്നുണ്ട്. ഉപഭോക്താവിന് സമീപിക്കാൻ കഴിയുന്ന സ്ഥാപനങ്ങൾ ഏതെല്ലാമാണെന്ന വ്യക്തമായ വിവരം പ്രസിദ്ധീകരിക്കുന്നതാണ്.

**ലഹരിയുടെ സ്വാധീനത്തിൽ നടത്തുന്ന അതിക്രമങ്ങൾ തടയാൻ നടപടി**

**5**(*305) ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലഹരിയുടെ അമിതോപയോഗംമൂലം യുവാക്കൾ നടത്തുന്ന അതിക്രമങ്ങൾ വർധിച്ചുവരുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ;

(ബി) ലഹരിയുടെ അമിതോപയോഗംമൂലം യുവാക്കൾ ഉണ്ടാക്കുന്ന ക്രമസമാധാന പ്രശ്നം സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(സി) ലഹരി ഉപയോഗംമൂലമുള്ള അതിക്രമങ്ങൾ വർധിക്കുന്ന സാഹചര്യത്തിൽ ഇത് തടയുന്നതിനായി ആരംഭിക്കാൻ ഉദ്ദേശിക്കുന്ന കർമ്മപരിപാടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, (എ) യുവാക്കളിൽ വർധിച്ചുവരുന്ന അക്രമണോത്സുകതയ്ക്ക് വിവിധ കാരണങ്ങളുണ്ട്. ലഹരിയുടെ ഉപയോഗം ഇതിനൊരു കാരണമാണ്. ഇതിന്റെ കേരളത്തിലേയ്ക്കുള്ള കടന്നുവരവിനെ പോലീസും എക്സൈസ് വകുപ്പും കർക്കശമായി തടയുന്നുണ്ട്.

മയക്കുമരുന്ന് വിൽപനയും ഉപയോഗവും തടയുന്നതിനായി കർമ്മ പദ്ധതികൾ പോലീസ് ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്.

(ബി) പോലീസ് വകുപ്പിന്റെ നേതൃത്വത്തിൽ ലഹരി ഉപയോഗിച്ചശേഷം കുറ്റകൃത്യങ്ങളിൽ പങ്കാളിയാകുന്നവർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനുപുറമെ ലഹരിക്ക് അടിമപ്പെട്ട യുവാക്കളെയും മറ്റും കണ്ടെത്തി ലഹരി വിമുക്തി കേന്ദ്രങ്ങളിലെത്തിച്ച് ആവശ്യമായ കൗൺസിലിങ്ങും ചികിത്സയും നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

എക്സൈസ് വകപ്പിന്റെ മേൽനോട്ടത്തിൽ വിമുക്തി മിഷന്റെ കീഴിൽ പ്രവർത്തിക്കുന്ന ഡീ-അഡിക്ഷൻ സെന്ററുകളിലും കൗൺസിലിങ് സെന്ററുകളിലും ലഹരിക്കടിമപ്പെട്ട് ചികിത്സയ്ക്കായി എത്തുന്ന ആളുകളിലും എക്സൈസ് വകുപ്പ് കണ്ടെത്തുന്ന എൻ.ഡി.പി.എസ്. കേസുകളിലെ പ്രതികളിലും ഉൾപ്പെടെ പത്ത് വയസ്സിനും പത്തൊൻപത് വയസ്സിനുമിടയിൽ പ്രായമുള്ളവർക്കിടയിൽ 'An analysis of the cause and consequences of drug addiction and illegal drug trafficking among adolescence' എന്ന പേരിലും ലഹരി വസ്തുക്കളുടെ ദുരുപയോഗത്തിന്റെ ദൂരവ്യാപകമായ

പ്രത്യാഘാതങ്ങൾ നേരിടുന്നതിന് സർക്കാർ നടപ്പാക്കിയ ബോധവൽക്കരണ പ്രവർത്തനങ്ങളുടെ ഫലം വിലയിരുത്തുന്നതിനും ലഹരിയുടെ ഉറവിടം, വ്യാപനം, സമൂഹത്തിൽ ലഹരി വസ്തുക്കളുടെ ദുരുപയോഗത്തിന്റെ ദൂഷ്യഫലങ്ങളുടെ സ്ഥിതിവിവരങ്ങൾ എന്നിവ വിലയിരുത്തുന്നതിനും ആവശ്യമായ പരിഹാര മാർഗങ്ങൾ കണ്ടെത്തി നടപ്പാക്കുന്നതിലേയ്ക്കുമായി Public Opinion on Substance Abuse എന്ന പേരിലും എക്സൈസ് വകുപ്പ്, വിമുക്തി മിഷൻ എന്നിവയുടെ നേതൃത്വത്തിൽ സർവെ നടത്തിയിട്ടുള്ളതാണ്.

(സി) ഇക്കാര്യം അതീവ ഗുരുതരമായ ഒരു വിഷയമായാണ് സർക്കാർ കാണുന്നത്. ഒറ്റപ്പെട്ടതെങ്കിലും ഗൗരവമേറിയ ഇത്തരം അക്രമസംഭവങ്ങൾ തടയുന്നതിനുള്ള എല്ലാ നിയമനടപടികളും സർക്കാർ കൈക്കൊണ്ടുവരുന്നു. അതോടൊപ്പം കുട്ടികളിൽ അക്രമവാസന പടരുന്നതിനെക്കുറിച്ച് ഐക്യരാഷ്ട്ര സഭ പോലും ഉത്കണ്ഠ രേഖപ്പെടുത്തിയിട്ടുള്ള ഈ ഘട്ടത്തിൽ നമ്മുടെ കുട്ടികളുടെ ജീവിത സാഹചര്യങ്ങളും വിലയിരുത്തപ്പെടണം.

അതിതീവ്ര മത്സരാധിഷ്ഠിത ജീവിതവും കുട്ടികളെ അസ്വസ്ഥപ്പെടുത്തുന്ന ഒപ്പമുള്ളവർ ശത്രുക്കൾ എന്ന ചിന്തയിലേയ്ക്ക് നയിക്കാനിടയാകുന്ന ജീവിത സാഹചര്യവും പരിശോധിക്കപ്പെടണം.

വീട്ടിലെ മുറി എന്ന പെട്ടിയിൽനിന്ന് സ്കൂൾ ബസ് എന്ന പെട്ടിയിലേയ്ക്കും അതിൽനിന്ന് ക്ലാസ്മുറി എന്ന പെട്ടിയിലേയ്ക്കും കൈമാറ്റം ചെയ്യപ്പെടുന്ന ബാല്യം ഒരു ഡിജിറ്റൽ ലോകത്തേയ്ക്ക് ഒതുങ്ങുന്നു. ഡിജിറ്റൽ അഡിക്ഷനാവുന്നു. അതിൽനിന്ന് അടർത്തി മാറ്റാൻ ശ്രമിക്കുന്നവർ അവന്റെ ശത്രുക്കളാകുന്നു.

അധ്യാപകനും വിദ്യാർഥിയും തമ്മിലും രക്ഷകർത്താക്കളും കുട്ടികളും തമ്മിലുമുള്ള ബന്ധത്തിൽ വരുന്ന മാറ്റങ്ങൾ അങ്ങനെ കാരണങ്ങൾ പലതുണ്ട്.

മയക്കുമരുന്ന് തീർച്ചയായും പ്രധാന കാരണങ്ങളിലൊന്നാണ്. അത് തുടച്ചുനീക്കുകതന്നെ വേണം. കക്ഷിരാഷ്ട്രീയ ഭേദമില്ലാത്ത ഒരുമയാണ് ഇവിടെ ആവശ്യം.

സാമൂഹ്യബോധവും രാഷ്ട്രീയ സാക്ഷരതയുമുള്ള കാമ്പസിനുമാത്രമേ അരാജകപ്രവണതകളെ തടയാനാവുകയുള്ളൂ. അതിന് കാമ്പസ്സുകളിൽ നമ്മുടെ കുഞ്ഞുങ്ങൾ സാമൂഹ്യപ്രശ്നങ്ങൾ ചർച്ച ചെയ്തുതന്നെ പോകേണ്ടതുണ്ട്. നാളത്തെ സമൂഹത്തെ നയിക്കേണ്ട വിദ്യാർഥികൾ ജനാധിപത്യ ബോധ്യങ്ങളെ ഉൾക്കൊണ്ട് ശാസ്ത്രീയ കാഴ്ചപ്പാടോടെ വളരേണ്ടതുണ്ട്.

സാംസ്കാരിക പ്രവർത്തനങ്ങൾ, കായിക പ്രവർത്തനങ്ങൾ, യോഗ തുടങ്ങിയ പാഠ്യേതര വിഷയങ്ങളിലെ പങ്കാളിത്തത്തിനും നിർണ്ണായകമായ പങ്കുവഹിക്കുവാൻ കഴിയും.

എല്ലാവരും ഈ വിപത്തിനെതിരെ ഒരേ വികാരമാണ് പ്രകടിപ്പിച്ചിട്ടുള്ളത്. അതിനാവശ്യമായ എല്ലാ നടപടികളും സ്വീകരിക്കാൻ സർക്കാർ മുൻകൈ എടുക്കും.

ഇക്കാര്യത്തിൽ അധ്യാപകർക്കും രക്ഷിതാക്കൾക്കും സുപ്രധാന പങ്കുണ്ട്. ഇതിനായി വിദ്യാർഥി-യുവജന സംഘടനകൾ, സിനിമാ-സാംസ്കാരിക-മാധ്യമ മേഖലകളിലെ സംഘടനകൾ, അധ്യാപക-രക്ഷാകർതൃ സംഘടനകൾ എന്നിവയുടെ യോഗം ചേർന്ന് വിപുലമായ കർമ്മപദ്ധതി തയ്യാറാക്കും.

<u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: സർ, പൂക്കോട് വെറ്ററിനറി സർവകലാശാല ഹോസ്റ്റലിലും കോട്ടയം നഴ്സിങ് കോളേജ് ഹോസ്റ്റലിലും നടന്ന മനുഷ്യത്വരഹിതമായ റാഗിങ് ലഹരിയുടെ സ്വാധീനത്താലാണെന്ന് വ്യക്തമായിട്ടുള്ളതാണ്. മദ്യക്കുപ്പികളുടെ വലിയ ശേഖരമാണ് ഇവിടങ്ങളിൽനിന്ന് കണ്ടെത്തിയിട്ടുള്ളത്. യാതൊരു

പരിശോധനയുമുണ്ടാകില്ലെന്ന ധൈര്യത്തിലാണ് മയക്കുമരുന്ന് മാഫിയ ഹോസ്റ്റലുകൾ താവളമാക്കുന്നത്. ചുമതലപ്പെട്ട അധ്യാപകരോ പി.ടി.എ.-യോ ഹോസ്റ്റൽ മുറികളിൽ പരിശോധന നടത്തുന്നില്ല; അതിനുള്ള ധൈര്യമില്ല എന്നുള്ളതാണ് വാസ്തവം. അധ്യാപകരും പി.ടി.എ.-യും ഉൾപ്പെടുന്ന ജാഗ്രതാ സമിതി രൂപീകരിച്ച് ഹോസ്റ്റലുകളിൽ പോലീസ്, എക്സൈസ് ഉദ്യോഗസ്ഥരുടെ പരിശോധന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, വളരെ ഗൗരവമേറിയൊരു വിഷയമാണിത്. സമീപകാലത്ത് സംസ്ഥാനത്ത് ഈ വിഷയം അതീവ ഗൗരവമായി മാറിക്കൊണ്ടിരിക്കുകയാണ്. അത് തടയുന്നതിനാവശ്യമായ ശക്തമായ നടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്. അതിന് ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലുള്ള നടപടികൾ മാത്രമല്ല, ഇക്കാര്യത്തിൽ പൊതുസമൂഹത്തെ വലിയ തോതിൽ അണിനിരത്തേണ്ടതായിട്ടുണ്ട്. ഇത്തരത്തിൽ ലഹരിയുടെ ഭാഗമായി വരുന്ന കാര്യങ്ങളിൽ, ലഹരിക്കിരയാകുന്നവരെ ഇരയായി തന്നെ കാണണം. അതിന് മറ്റ് ചിത്രങ്ങൾ നൽകേണ്ടതില്ലെന്നാണ് എനിക്ക് തോന്നുന്നത്. നാമുൾപ്പെടുന്ന

പൊതുസമൂഹത്തിന് ഇക്കാര്യത്തിൽ ഒന്നിച്ച് നിൽക്കാൻ കഴിയണം. ഇത്തരത്തിൽ ലഹരിക്കടിമയായവരെ അതിൽനിന്ന് മുക്തമാക്കാൻ ചിലപ്പോൾ ഡീ-അഡിക്ഷൻ സെന്ററിലേയ്ക്ക് കൊണ്ടുപോകുന്നതടക്കമുള്ള നടപടികൾ സ്വീകരിക്കേണ്ടിവരും. ലഹരി മുക്തമാക്കുക എന്നതിനോടൊപ്പം, ലഹരി വ്യാപനം തടയുന്നതിനാവശ്യമായ ശക്തമായ നടപടികളും സ്വീകരിക്കുകയെന്നതാണ് ഏറ്റവും പ്രധാനം. നമുക്ക് കൂട്ടായി അതിനാവശ്യമായ നടപടികളിലേയ്ക്ക് കടക്കാൻ കഴിയണം. എല്ലാ രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക പ്രസ്ഥാനങ്ങളും ഇക്കാര്യത്തിൽ ഒരേ മനസ്സോടെ നീങ്ങേണ്ടൊരു ഘട്ടം വന്നിരിക്കുകയാണ്. അതിഗൗരവമായിത്തന്നെയാണ് സർക്കാർ ഈ വിഷയത്തെ കാണുന്നത്.

മി. സ്പീക്കർ: ഓർഡർ.... ഓർഡർ.... ചോദ്യോത്തരവേള അവസാനിച്ചിരിക്കുന്നു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)